2025JANUARY
03
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സെൻസെക്സിലെ നേട്ടം 1,400 പോയിന്റ്, നിക്ഷേപകർക്ക് നേട്ടം 6 ലക്ഷം കോടി

**മുംബൈ:**ഏഷ്യൻ വിപണികളിലെ നഷ്ടം മറികടന്ന് കുത്തനെ കുതിച്ച് രാജ്യത്തെ സൂചികകൾ. ധനകാര്യം, ഓട്ടോ, ഐടി ഓഹരികളിലെ മുന്നേറ്റമാണ് സൂചികകൾ നേട്ടമാക്കിയത്. അടുത്തയാഴ്ച ത്രൈമാസ വരുമാന കണക്കുകൾ പുറത്തുവരാനിരിക്കെയാണ് ഈ മുന്നേറ്റം.

1400 പോയന്റാണ് സെൻസെക്സിലെ നേട്ടം. നിഫ്റ്റിയാകട്ടെ 450 പോയന്റിലേറെ മുന്നേറി 24,200 തിരികെ പിടിച്ചു. വിപണിയിലെ മുന്നേറ്റത്തിൽ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം മൂല്യം 5.58 ലക്ഷം കോടി രൂപ ഉയർന്ന് 450.01 ലക്ഷം കോടിയിലെത്തി. സെക്ടറൽ സൂചികകളിൽ നിഫ്റ്റി ഓട്ടോ, ഐടി എന്നിവയാണ് മുന്നിൽ. ഓട്ടോ 3.5 ശതമാനവും ഐടി 2 ശതമാനവും നേട്ടമുണ്ടാക്കി.



ഓട്ടോ ഓഹരികളുടെ മുന്നേറ്റത്തിന് പിന്നിൽ ഡിസംബറിലെ വാഹന വില്പന കണക്കുകളാണ്. ഐഷർ മോട്ടോഴ്സ് ആണ് കുതിപ്പിന് നേതൃത്വം നൽകിയത്. റോയൽ എൻഫീൽഡിന്റെ വില്പനയിൽ 25 ശതമാനം വർധനവുണ്ടായെന്ന റിപ്പോർട്ടുകളെ തുടർന്ന് ഓഹരി വിലയിൽ ഏഴ് ശതമാനം മുന്നേറ്റമുണ്ടായി. വാർഷിക വില്പനയിൽ 30 ശതമാനം വർധന രേഖപ്പെടുത്തിയതിന് പിന്നാലെ മാരുതിയുടെ ഓഹരി വില 4.5 ശതമാനം ഉയർന്നു. മഹീന്ദ്ര ആൻഡ് മഹീന്ദ്ര, അശോക് ലൈലാൻഡ് എന്നിവ നാല് ശതമാനം നേട്ടമുണ്ടാക്കി. പ്രതീക്ഷിച്ചതിലും മികച്ച വില്പന കണക്കുകളാണ് ഡിസംബറിൽ പുറത്തുവന്നത്.

ഐടി കമ്പനികളുടെ പ്രവർത്തനഫലമാണ് ആദ്യം പുറത്തുവരിക. രണ്ട് ശതമാനം വരുമാന വളർച്ചയുണ്ടാകുമെന്ന അനുമാനമാണ് കമ്പനികൾ നേട്ടമാക്കിയത്. ഇൻഫോസിസ്, ടിസിഎസ്, എച്ച്സിഎൽ ടെക്, ടെക് മഹീന്ദ്ര ഉൾപ്പടെയുള്ള കമ്പനികളുടെ ഓഹരി വിലയിൽ മുന്നേറ്റമുണ്ടായി.

ബജാജ് ഫിൻസർവ്, ബജാജ് ഫിനാൻസ് എന്നീ ഓഹരികളുടെ നേതൃത്വത്തിൽ ബാങ്കിങ് ധനകാര്യ ഓഹരികൾ മികച്ച നേട്ടമുണ്ടാക്കി. ബജാജ് ഫിൻസർവ് ആറ് ശതമാനവും ബജാജ് ഫിനാൻസ് എട്ട് ശതമാനവും ഉയർന്നു. എച്ച്ഡിഎഫ്സി ബാങ്ക്, കൊട്ടക് മഹീന്ദ്ര ബാങ്ക്, ഇൻഡസിൻഡ് ബാങ്ക് ഉൾപ്പടെയുള്ളവയും നേട്ടത്തിൽ മുന്നിലെത്തി.

വാർഷികാടിസ്ഥാനത്തിൽ ജിഎസ്ടി വരുമാനം 7.3 ശതമാനം ഉയർന്ന് 1.77 ലക്ഷം കോടി രൂപയിലെത്തിയത് വിപണി നേട്ടമാക്കി. ഉപഭോഗം കൂടുന്നതിന്റെ സൂചനയാണ് വിപണിയെ തുണച്ചത്.

# രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഗവർണറായി ചുമതലയേറ്റു



**തിരുവനന്തപുരം:** കേരള ഗവർണർ ആയി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാജ്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയനും ചീഫ് സെക്രട്ടറി ശാരദ മുരളീധരനും ഹൈക്കോടതി ചീഫ് ജസ്റ്റിസും പൊതുഭരണ അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാലും ചേർന്നാണ് നിയുക്ത ഗവർണറെയും ഭാര്യ അനഘ ആർലേക്കറെയും വേദിയിലേക്ക് സ്വീകരിച്ചത്. തുടർന്ന് ഗവർണറെ നിയമിച്ചു കൊണ്ടുള്ള രാഷ്ട്രപതിയുടെ ഉത്തരവ് ചീഫ് സെക്രട്ടറി വായിച്ചു. തുടർന്നായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്. ബംഗാൾ ഗവർണർ ഡോ. സി വി ആനന്ദബോസ്, നിയമസഭാ സ്പീക്കർ എ എൻ ഷംസീർ, മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻകുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, വി ശിവൻകുട്ടി, ജി ആർ അനിൽ, പി രാജീവ്, മുഹമ്മദ് റിയാസ്, കെ എൻ ബാലഗോപാൽ, വി.ഡി സതീശൻ, ശശി തരൂർ, എ എ റഹിം, കടകംപള്ളി സുരേന്ദ്രൻ, വി കെ പ്രശാന്ത്, മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു.


# ജലജീവൻ മിഷൻ; 12,000 കോടിയുടെ കടമെടുപ്പ് പ്രതിസന്ധിയിൽ

**തിരുവനന്തപുരം:** ഗ്രാമീണവീടുകളിൽ കുടിവെള്ളമെത്തിക്കുന്ന ജലജീവൻ മിഷനിലെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കാൻ 12,000 കോടി കടമെടുക്കാനുള്ള സംസ്ഥാനസർക്കാരിന്റെ നീക്കം പ്രതിസന്ധിയിൽ. വിഹിതം കണ്ടെത്താൻ ജല അതോറിറ്റിയോ സർക്കാരോ വായ്പയെടുക്കാനായിരുന്നു തീരുമാനം.

തിരിച്ചടവിനെക്കുറിച്ചുള്ള ആശങ്കകളും സർക്കാരിന്റെ പൊതുകടമെടുപ്പ് പരിധിയെ ബാധിക്കാനുള്ള സാധ്യതയുമാണ് തിരിച്ചടിയായത്. ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ എതിർപ്പ് വകവെക്കാതെയായിരുന്നു വായ്പയെടുക്കാനുള്ള നീക്കം. സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം വായ്പയായി ജല അതോറിറ്റിയുടെ മേൽ കെട്ടിവെക്കാനുള്ള ശ്രമത്തിനെതിരേ സി.ഐ.ടി.യു. ഉൾപ്പെടെ പ്രതിഷേധം സംഘടിപ്പിച്ചിരുന്നു.44,714 കോടിയാണ് ജലജീവൻ മിഷന്റെ മൊത്തം ചെലവ്. കേന്ദ്രസംസ്ഥാന സർക്കാരുകൾ തുല്യമായാണ് തുക അനുവദിക്കേണ്ടത്. പദ്ധതികാലാവധി അവസാനിക്കാറായി. പകുതിയോളം പണികൾപോലും ടെൻൻഡർചെയ്യാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ 4000 കോടിയോളം രൂപ കരാറുകാർക്കും കിട്ടാനുണ്ട്. നബാർഡ്, ഹഡ്കോ, എൽ.ഐ.സി., എന്നിവയിൽനിന്നായിരുന്നു വായ്പ പ്രതീക്ഷിച്ചിരുന്നത്.

നബാർഡിൽനിന്ന് സംസ്ഥാന സർക്കാർ നേരിട്ട് വായ്പയെടുത്താൽ അഞ്ച് ശതമാനം പലിശയ്ക്ക് ലഭിക്കും. ജല അതോറിറ്റിയാണെങ്കിൽ ഒൻപത് ശതമാനംവരെ നൽകണം. മറ്റ് ഏജൻസികളിൽ 9 10 ശതമാനംവരെയാണ് പലിശനിരക്ക്.

ഈ വായ്പ തിരിച്ചടയ്ക്കാൻ ജല അതോറിറ്റിയെക്കൊണ്ടുമാത്രം കഴിയില്ല. വായ്പ തിരിച്ചടവ് തുടങ്ങുമ്പോൾ മൂന്നുമാസത്തിലൊരിക്കൽ 487 കോടിവരെ വേണ്ടിവരും. അല്ലെങ്കിൽ സർക്കാർ നേരിട്ട് വായ്പയെടുക്കുകയോ ഗാരന്റി നൽകുകയോ വേണം.വരുംവർഷങ്ങളിൽ ഇത് സർക്കാരിന്റെ പൊതു കടമെടുപ്പ് പരിധിയെ ബാധിക്കും. ഇതിനെത്തുടർന്നാണ് കടമെടുക്കാനുള്ള നീക്കം ധനവകുപ്പ് മാറ്റിവെച്ചിരിക്കുന്നത്.സംയുക്തപദ്ധതികളുടെ സംസ്ഥാനവിഹിതം കണ്ടെത്താനുള്ള കേന്ദ്രസർക്കാരിന്റെ 300 കോടിയോളം രൂപയുടെ വായ്പ രണ്ടുമാസം മുൻപ് ലഭിച്ചിരുന്നു. ഈ തുക കരാറുകാരുടെ കുടിശ്ശിക തീർക്കാനാണ് ഉപയോഗിക്കേണ്ടത്.



# ജോൺ സാമുവലിന് ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം



**കൊച്ചി:** മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജോൺ സാമുവലിന് ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം. ജനുവരി അഞ്ചിന് രാവിലെ 11 ന് എറണാകുളം ഗ്രാൻഡ് ഹോട്ടലിൽ സംഘടിപ്പിച്ചിരിക്കുന്ന ക്രൂസ് കോൺക്ലേവിൽ റോയൽ കരീബിയൻ ക്രൂസ് പ്രതിനിധി കിരൺ പ്രകാശ് പുരസ്കാരം സമ്മാനിക്കും. ചടങ്ങിൽ ചലച്ചിത്ര, ടി.വി താരം അനീഷ് രവി അധ്യക്ഷത വഹിക്കും. 25,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. ജോൺ സാമുവലിന്റെ അഞ്ച് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'വിശ്വനാടോടിക്കഥാമാലിക' യാണ് അവാർഡിന് അർഹനാക്കിയതെന്ന് ക്രൂസ് കൊമ്രേഡ് ഡയറക്ടർ ദീപ്തി വർമ്മ അറിയിച്ചു. വൈവിധ്യമാർന്ന ലോക സംസ്കൃതിയെ അടയാളപ്പെടുത്തുന്നതും സഞ്ചാരപ്രേമികളെ ലോകസഞ്ചാരത്തിന് പ്രേരിപ്പിക്കുന്നതുമായ സാഹിത്യരചനകൾക്ക് നൽകുന്നതാണ് ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം

# ഇരട്ട ഗർഭസ്ഥ ശിശുക്കൾക്ക് അപൂർവ്വ ചികിത്സയിലൂടെ പുതുജീവൻ

**കൊച്ചി:** ഇരട്ടക്കുട്ടികളെ ഗർഭം ധരിച്ച യുവതിക്ക് ട്യൂമർ സൃഷ്ടിച്ച സങ്കീർണത മറികടന്ന് സുരക്ഷിത പ്രസവത്തിന് വഴിയൊരുക്കി കൊച്ചി അമൃത ആശുപത്രി.ദുബൈയിൽ താമസിക്കുന്ന തിരുവനന്തപുരം സ്വദേശിനി ശ്രുതിയാണ് 'പ്ലാസന്റൽ കൊറിയോ ആൻജിയോമ' എന്ന ട്യൂമർ മറുപിള്ളയിൽ (പ്ലാസന്റ) കണ്ടെത്തിയതിനെ തുടർന്ന് ഗർഭകാലത്തിന്റെ ഇരുപത്തിയൊന്നാമത്തെ ആഴ്ചയിൽ കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സ തേടിയത്.അമൃതയിലെ ഫീറ്റൽ മെഡിസിൻ വിഭാഗം മേധാവി ഡോ.വിവേക് കൃഷ്ണന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘം 'ഗ്ലൂ എമ്പോളൈസേഷൻ' എന്ന ചികിത്സാ രീതിയാണ് ട്യൂമറിന്റെ അപകടകരമായ വളർച്ച നിയന്ത്രിക്കാനായി ഉപയോഗിച്ചത്. മറുപിള്ളയിൽ നിന്നും ഗർഭസ്ഥശിശുക്കളിലേക്കുള്ള രക്തപ്രവാഹം നിലനിർത്തിക്കൊണ്ട് ട്യൂമറിലേക്കുള്ള രക്തപ്രവാഹത്തെ മാത്രമായി തടസപ്പെടുത്തുകയാണ് ഈ ചികിത്സയിലൂടെ ചെയ്തത്.തുടർന്ന് ദുബൈയിലേക്ക് മടങ്ങിയ യുവതി മുപ്പത്തിയാറാമത്തെ ആഴ്ചയിൽ ഇരട്ടക്കുട്ടികൾക്ക് ജന്മം നൽകി.ഗർഭസ്ഥശിശുവിന്റെ ഹൃദയ പരാജയത്തിനും തുടർന്ന് മരണത്തിനും കാരണമായേക്കാവുന്ന രോഗാവസ്ഥയാണ്പ്ലാസന്റൽകൊറിയോആൻജിയോമയെന്നും ഇരട്ട ഗർഭധാരണത്തിൽ ആദ്യമായാണ് ഗ്ലൂ എമ്പോളൈസേഷൻ ഉപയോഗിക്കപ്പെടുത്തുന്നതെന്നും ഡോ. വിവേക് കൃഷ്ണൻ പറഞ്ഞു. ഡോ. ധന്യ കീഴാറ്റൂർ, ഡോ.ശ്രുതി സോമൻ എന്നിവർ ചികിത്സയിൽ പങ്കാളികളായി.

# ഉമാ തോമസിന്റെ ആരോഗ്യ നിലയിൽ പുരോഗതി

**കൊച്ചി:** കലൂർ സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്നും വീണ് ഗുരുതരമായി പരിക്കേറ്റ് വെന്റിലേറ്ററിൽ ചികിൽസയിൽ കഴിയുന്ന ഉമാ തോമസ് എംഎൽഎയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.ശ്വാസകോശത്തിനേറ്റ ചതവും ക്ഷതവും മൂലം ശ്വാസകോശത്തിന് പുറത്ത് വെള്ളം കെട്ടുന്ന റിയാക്ടീവ് പ്ലൂറൽ എഫ്യൂഷൻ എന്ന അവസ്ഥ ഉടലെടുത്തിട്ടുണ്ടെന്നും ആശുപത്രി അധികൃതർ പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിനിൽ വ്യക്തമാക്കുന്നു. നിലവിലെ അവസ്ഥയിൽ ആശങ്കപ്പെടേണ്ടതില്ലെങ്കിലും കൃത്യമായ നിരീക്ഷണവും ചികിൽസയും വേണ്ടി വന്നേക്കാം. വെന്റിലേറ്ററിൽ നിന്നും ഉമാ തോമസിനെ മാറ്റാൻ ശ്രമം നടക്കുന്നുണ്ട്. സർക്കാർ നിയോഗിച്ച ഡോ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ ഡോക്ടർമാരുടെ സംഘം ആശുപത്രിയിലെത്തി ഉമാ തോമസിനെ ചികിൽസിക്കുന്ന ഡോക്ടർമാരുടെ സംഘവുമായി കൂടിക്കാഴ്ച നടത്തി.

കലൂർ സ്റ്റേഡിയത്തിൽ കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം നടന്ന ഗിന്നസ് റെക്കോർഡ് ലക്ഷ്യമിട്ട് 12000 നർത്തകർ പങ്കെടുത്ത ഭരതനാട്യ പരിപാടിയുടെ ഉദ്ഘാടനം ചടങ്ങിൽ പങ്കെടുക്കാനെത്തിയ സമയത്താണ് സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്നും 15 അടിയോളം താഴ്ചയിലേക്ക് ഉമാ തോമസ് വീണത്.

## ഉജ്ജ്വല ബാല്യം പുരസ്കാരം പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ വനിതാ ശിശുവികസന വകുപ്പ് നൽകുന്ന 'ഉജ്ജ്വല ബാല്യം പുരസ്കാരം' ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി. മേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പ നിർമ്മാണം, ധീരത എന്നീ മേഖലകളിൽ മികവ് തെളിയിച്ചവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. കുട്ടികളെ 6 വയസ് മുതൽ 11 വയസ് വരെ, 12 വയസ് മുതൽ 18 വയസ് വരെ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് പൊതു വിഭാഗത്തിനും ഭിന്നശേഷി വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അവാർഡുകൾ നൽകുന്നു.

# 63 ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരം ഒരുങ്ങി

**തിരുവനന്തപുരം:** 63 ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് മറ്റന്നാൾ (ജനുവരി 4) തിരി തെളിയും. രാവിലെ 9 മണിക്ക് പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പതാക ഉയർത്തുന്നതോടെയാണ് കലോത്സവത്തിന് തുടക്കമാവുക. സെൻട്രൽ സ്റ്റേഡിയത്തിൽ ഒരുക്കിയിട്ടുള്ള ഒന്നാം വേദിയായ എം. ടി. നിളയിൽ രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഔപചാരിക ഉദ്ഘാടനം നിർവഹിക്കും.

പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് സ്വാഗതം ആശംസിക്കും. മന്ത്രിമാരായ ജി.ആർ.അനിൽ, കെ.രാജൻ, എ.കെ.ശശീന്ദ്രൻ, റോഷി അഗസ്റ്റിൻ, കെ എൻ ബാലഗോപാൽ തുടങ്ങി 29 മുഖ്യാതിഥികൾ പങ്കെടുക്കും.

തുടർന്ന് ശ്രീനിവാസൻ തൂണേരി രചിച്ച് കാവാലം ശ്രീകുമാർ ചിട്ടപ്പെടുത്തിയ കലോത്സവത്തിന്റെ സ്വാഗത ഗാനത്തിന്റെ നൃത്താവിഷ്കാരം കലാമണ്ഡലത്തിലെ കുട്ടികളും പൊതുവിദ്യാലയത്തിലെ കുട്ടികളും ചേർന്ന് അവതരിപ്പിക്കും. വയനാട് വെള്ളാർമല ജി.എച്ച്.എസ്.എസിലെ കുട്ടികൾ അവതരിപ്പിക്കുന്ന സംഘനൃത്തവും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമാണ്. ഉദ്ഘാടന സമ്മേളനത്തിനുശേഷം ഒന്നാംവേദിയിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ടം മത്സരം നടക്കും. ആദ്യ ദിവസം 24 വേദികളിലാണ് മത്സരങ്ങൾ നടക്കുക.

25 വേദികളിലായാണ് മത്സരങ്ങൾ നടക്കുക. സെൻട്രൽ സ്റ്റേഡിയമാണ് പ്രധാന വേദി. മത്സരവേദികൾക്ക് കേരളത്തിലെ പ്രധാന നദികളുടെ പേരുകളാണ് നൽകിയിട്ടുള്ളത്. മത്സരങ്ങൾ തത്സമയം കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യും. മത്സര ഫലങ്ങൾ വേദികൾക്കരികിൽ പ്രദർശിപ്പിക്കാൻ ഡിജിറ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സരങ്ങൾ കാണുന്നതിനും മത്സരപുരോഗതി തത്സമയം അറിയുന്നതിനും കൈറ്റ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഉത്സവം എന്ന പേരിലുള്ള മൊബൈൽ ആപ്പ് പ്ലേസ്റ്റോറിൽ ലഭ്യമാണ്. മത്സരത്തിൽ എ ഗ്രേഡ് നേടുന്ന എല്ലാ വിദ്യാർഥികൾക്കും ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പായി 1,000 രൂപ നൽകും.




പതിനയ്യായിരത്തോളം വിദ്യാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുക്കും. സംസ്കൃതോത്സവവും, അറബിക് സാഹിത്യോത്സവവും ഇതോട് അനുബന്ധിച്ച് നടക്കും. കലോത്സവ ചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനതയുടെ 5 നൃത്തരൂപങ്ങൾകൂടി ഈ വർഷത്തെ കലോത്സവത്തിന്റെ മത്സര ഇനങ്ങളാകും. മംഗലംകളി, പണിയനൃത്തം, പളിയനൃത്തം, മലപുലയ ആട്ടം, ഇരുള നൃത്തം എന്നിവയാണ് പുതുതായി ഉൾപ്പെടുത്തിയ നൃത്തരൂപങ്ങൾ.

സംസ്കൃതോത്സവം ഗവ. മോഡൽ എച്ച്.എസ്.എസ്., ഗവ. മോഡൽ എൽ.പി.എസ്. തൈയ്ക്കാട് എന്നീ സ്കൂളുകളിലും അറബിക് കലോത്സവം ശിശു ക്ഷേമ സമിതി ഹാൾ തൈയ്ക്കാട്, ഗവ. മോഡൽ എച്ച്.എസ്.എസ്. തൈയ്ക്കാട് എന്നീ വേദികളിലുമാണ് നടക്കുന്നത്. സംസ്കൃത സെമിനാറും, പണ്ഡിത സമാദരണവും അറബിക് എക്സിബിഷനും ഇതോടൊപ്പം സംഘടിപ്പിക്കുന്നുണ്ട്.

**സ്വർണകപ്പ് ഘോഷയാത്ര നാളെയെത്തും**

കാസർകോട് നിന്ന് ആരംഭിച്ച സ്വർണകപ്പ് ഘോഷയാത്ര നാളെ (ജനുവരി 3) രാവിലെ തിരുവനന്തപുരം ജില്ലയിൽ എത്തിച്ചേരും. വിവിധ സ്കൂളുകളിൽ നിന്ന് സ്വീകരണം ഏറ്റുവാങ്ങി വൈകുന്നേരം 5 മണിയോടെ പി.എം.ജി. യിൽ എത്തിച്ചേരുന്ന ഘോഷയാത്രയിൽ മന്ത്രി വി ശിവൻ കുട്ടി സ്വർണകപ്പ് ഏറ്റുവാങ്ങും. തുടർന്ന് ഘോഷയാത്ര മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിച്ചേരും.

**രജിസ്ട്രേഷൻ ഇന്നുമുതൽ**

സ്കൂൾ കലോത്സവത്തിന്റെ രജിസ്ട്രേഷൻ തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കൻഡറി സ്കൂളിൽ ഇന്ന് രാവിലെ (ജനുവരി 3) 10 മുതൽ ആരംഭിക്കും. 7 കൗണ്ടറുകളിലായി 14 ജില്ലകൾക്കും പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം ഹെൽപ്പ് ഡെസ്ക്കും ക്രമീകരിച്ചിട്ടുണ്ട്. നാളെ മുതൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ എത്തിച്ചേരുന്ന മത്സരാർത്ഥികളെ രജിസ്ട്രേഷൻ കൗണ്ടറിലേക്കും, താമസ സ്ഥലത്തേക്കും, ഭക്ഷണപന്തലിലേക്കും എത്തിക്കുന്നതിന് ഗതാഗത സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് മേളയ്ക്കെത്തുന്ന വാഹനങ്ങളിൽ പ്രത്യേക തിരിച്ചറിയൽ കോഡുകളോട് കൂടിയ സ്റ്റിക്കറുകൾ പതിക്കും.

**ഭക്ഷണ പന്തൽ പുത്തരിക്കണ്ടത്ത്**

പുത്തരിക്കണ്ടം മൈതാനത്തിലാണ് ഭക്ഷണ പന്തൽ തയ്യാറാകുന്നത്. പഴയിടം മോഹനൻ നമ്പൂതിരിക്കാണ് ഊട്ടുപുരയുടെ ചുമതല. ഒരേസമയം 20 വരികളിലായി നാലായിരം പേർക്ക് ഭക്ഷണം കഴിക്കാൻ കഴിയുന്ന രീതിയിലാണ് പന്തൽ. നാളെ രാത്രി (ജനുവരി 3) ഭക്ഷണത്തോടെയാണ് ഊട്ടുപുരയുടെ പ്രവർത്തനം ആരംഭിക്കുന്നത്. വിദ്യാർഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഉൽപന്ന സമാഹരണം നടത്തി കലവറ നിറയ്ക്കുന്ന പരിപാടി തുടരുകയാണ്. പുത്തരിക്കണ്ടം മൈതാനത്തെ ഭക്ഷണ കലവറ മന്ത്രി വി.ശിവൻകുട്ടി സന്ദർശിച്ച് ഒരുക്കങ്ങൾ വിലയിരുത്തി. ഭക്ഷ്യ മന്ത്രി ജി.ആർ അനിൽ, കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, മേയർ ആര്യാ രാജേന്ദ്രൻ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

അടിയന്തര ചികിത്സ ലഭിക്കുന്നതിനായി ഡോക്ടർമാരുടെ സേവനവും, ആംബുലൻസും എല്ലാ വേദികളിലും ഒരുക്കിയിട്ടുണ്ട്. എല്ലാ വേദിയിലും കുടിവെള്ള വിതരണത്തിനായി സംവിധാനം ഉറപ്പാക്കിയിട്ടുണ്ട്. വേദികളിലും, താമസ സ്ഥലങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാകും.

ജനുവരി 8ന് വൈകിട്ട് 5 ന് സ്കൂൾ കലോത്സവത്തിന്റെ സമാപന സമ്മേളനം നടക്കും. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന സമാപന സമ്മേളനം വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. നടൻ ടോവിനോ തോമസ് മുഖ്യാതിഥിയായി പങ്കെടുക്കും.

# മൽസരാർഥികൾക്കുള്ള സൗകര്യങ്ങൾ അറിയാം ക്യൂ ആർ കോഡിലൂടെ

**തിരുവനന്തപുരം:** കലോത്സവത്തിനെത്തുന്ന മൽസരാർഥികൾക്കായി ഒരുക്കിയിരിക്കുന്ന സംവിധാനങ്ങളെ കുറിച്ച് സമഗ്രമായി അറിയാൻ ക്യൂ ആർ കോഡ് വഴി സംവിധാനം. ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ ഓരോ ജില്ലയിലെയും മത്സരാർഥികൾക്ക് അനുവദിച്ചിട്ടുള്ള താമസസ്ഥലം, രജിസ്ട്രേഷൻ സെന്റർ, ഭക്ഷണസ്ഥലം തുടങ്ങിയവയുടെ വിശദാംശങ്ങൾ ഇപ്പോൾ തന്നെ അറിയാൻ സാധിക്കും. കൂടാതെ, നോഡൽ ഓഫീസർമാരുടെ ഫോൺ നമ്പർ, താമസസ്ഥലത്തിന്റെ ഫോൺ നമ്പർ, താമസ സ്ഥലത്തിന്റെ ലൊക്കേഷൻ, കലോത്സവത്തിന്റെ ബ്രോഷർ, മത്സര സ്ഥലങ്ങളുടെ ലൊക്കേഷൻ, നോട്ടീസ് എന്നിവയും ക്യൂ ആർ കോഡിലൂടെ അറിയാൻ സാധിക്കും.

ക്യൂ ആർ കോഡ് സംവിധാനത്തിന്റെ പ്രകാശനം മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. സംഘാടക സമിതി ചെയർമാൻ മന്ത്രി ജി ആർ അനിലിന് കൈമാറി കൊണ്ടാണ് ക്യൂ ആർ കോഡിന്റെ പ്രകാശനം നിർവഹിച്ചത്.

താമസ സൗകര്യം ആവശ്യമുള്ള മത്സരാർഥികൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് തന്നെ അത് രേഖപ്പെടുത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. മത്സരാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 25 സ്കൂളുകളാണ് സജ്ജമാക്കിയിരിക്കുന്നത്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം താമസ സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്.

കൂടാതെ 10 സ്കൂളുകൾ റിസർവ്വായും കരുതിയിട്ടുണ്ട്. എല്ലാ താമസ സ്ഥലങ്ങളിലും അധ്യാപകരെ രണ്ട് ഷിഫ്റ്റായി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. കൂടാതെ പെൺകുട്ടികൾ താമസിക്കുന്ന സ്കൂളുകളിൽ വനിതാ പോലീസ് അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

എല്ലാ കേന്ദ്രങ്ങളിലും മത്സരവേദികൾ, റൂട്ട്മാപ്പ് തുടങ്ങിയവ പ്രദർശിപ്പിക്കും.




വൈദ്യുതി ചാർജ് വർധനവിനും കെ. സ് . ഇ . ബിയുടെ വൈദ്യുതി കൊള്ളകൾക്കു മെതിരെ ട്വന്റി 20 പാർട്ടി അങ്കമാലി നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കാലടിയിൽ സംഘടിപ്പിച്ച പ്രതിഷേധ നില്പ് സമരം പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ ചാർളി പോൾ ഉദ്ഘാടനം ചെയ്യുന്നു. ആന്റണി മണ്ണായൻ, ഡോ. വർഗ്ഗീസ് ജോർജ്, ബെന്നി ജോസഫ്, അഡ്വ. ബേബി പോൾ, ഹരിശങ്കർ പുല്ലാനി, ഫ്രാൻസീസ് കല്ലൂക്കാരൻ, ജസ്റ്റിൻ മാത്യു എന്നിവർ സമീപം.

# വൈദ്യുതി ചാർജ് വർധന: ട്വന്റി 20 പാർട്ടിയുടെ പ്രതിഷേധ നില്പ് സമരം

**കാലടി:** വൈദ്യുതി ചാർജ് വർധനവിനും കെ. എസ്. ഇ. ബി യുടെ വൈദ്യുതി കൊള്ളകൾക്കും എതിരെ ട്വന്റി 20 പാർട്ടി അങ്കമാലി നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കാലടിയിൽ മെഴുക് തിരി കത്തിച്ച് നിന്ന് നടത്തിയ പ്രതിഷേധ നിൽപ് സമരം പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ. ചാർളി പോൾ ഉദ്ഘാടനം ചെയ്തു.

സ്ഥാപനത്തിന്റെകെടുകാര്യസ്ഥത ,അഴിമതി, കിട്ടാക്കടം പിരിക്കുന്നതിലെ വീഴ്ച, റദ്ദാക്കപ്പെട്ട ദീർഘകാല കരാർ , ജീവനക്കാരുടെ ഉയർന്ന ശമ്പളം, സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാതിരിക്കൽ എന്നിവയാണ് വൈദ്യുതി ചാർജ് വർധിപ്പിക്കുന്നതിന് പിന്നിലെ കാരണങ്ങൾ. പല പദ്ധതികളുടെയും പിന്നിൽ തീവെട്ടിക്കൊള്ളയാണ് നടക്കുന്നത്. പല പദ്ധതികളും ഇഴഞ്ഞുനീങ്ങുകയാണ്. സർചാർജ് ഇനത്തിലും ജനങ്ങളെ പിഴിയുകയാണെന്ന് അഡ്വ. ചാർളി പോൾ പറഞ്ഞു. ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബൂഷൻ എന്നിങ്ങനെ മൂന്നു കമ്പനിയായി മാറ്റി പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

നിയോജക മണ്ഡലം പ്രസിഡന്റ് ഡോ. വർഗ്ഗീസ് ജോർജ് അധ്യക്ഷനായി.ജനപക്ഷം ബെന്നി ജോസഫ്, പാർട്ടി ജില്ലാ കോ ഓർഡിനേറ്റർ അഡ്വ. ബേബി പോൾ, അഡ്വ. സണ്ണി ഡേവീസ് , ഹരിശങ്കർ പുല്ലാനി , ഫ്രാൻസീസ് കല്ലൂക്കാരൻ, ആന്റണി മണ്ണായൻ, ജസ്റ്റിൻ മാത്യു, സാജൻ വർഗ്ഗീസ്, എം. ഒ. ജോൺസൺ, ജിത്തു മാധവ് , ജോയി ചോര്യേക്കര എന്നിവർ പ്രസംഗിച്ചു.



# ചെളി നിറഞ്ഞ് പെരിയാർ; ശുദ്ധജല വിതരണം പ്രതിസന്ധിയിലേക്ക്

**പെരുമ്പാവൂർ:** പെരിയാറിൽ ചെളി നിറഞ്ഞതിനാൽ വാട്ടർ അതോറിറ്റി പമ്പിങ് പ്രതിസന്ധിയിൽ. ചേരാനെല്ലൂർ പ്ലാന്റിലും, പാണംകുഴി പമ്പ് ഹൗസിലും പമ്പിങ് നിർത്തി. കൂവപ്പടി പഞ്ചായത്തിൽ പൂർണമായും വേങ്ങൂർ, മുടക്കുഴ പഞ്ചായത്തുകളിൽ ഭാഗികമായും കുടിവെള്ള വിതരണം മുടങ്ങും. ചെളി നീങ്ങി വെള്ളം തെളിഞ്ഞില്ലെങ്കിൽ വെങ്ങോല, ഒക്കൽ, രായമംഗലം പഞ്ചായത്തുകളിലും പെരുമ്പാവൂർ നഗരസഭയിലും വരും ദിവസങ്ങളിൽ കുടിവെള്ള വിതരണം മുടങ്ങും. ഇതോടെ പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജല വിതരണം മുടങ്ങും. കല്ലാർകുട്ടി ഡാം ശുചീകരണത്തിനു ശേഷം പുറന്തള്ളുന്ന വെള്ളം മൂലമാണ് പെരിയാറിൽ ചെളി നിറഞ്ഞത്. കഴിഞ്ഞ ദിവസങ്ങളിൽ പെരിയാറിൽ പെട്ടെന്ന് വെള്ളം ഉയർന്നത് നാട്ടുകാർ ജനപ്രതിനിധികളെ അറിയിച്ചിരുന്നു. കല്ലാർകുട്ടി ഡാമിൽ നിന്നു വെള്ളം ഒഴുക്കുന്നതിനാലാണിത്. എന്നാൽ ഇക്കാര്യം ജനപ്രതിനിധികളോ മറ്റുള്ളവരോ അറിഞ്ഞിരുന്നില്ല. കുട്ടികൾ അടക്കം കുളിക്കാൻ ഇറങ്ങുന്ന കടവുകളിൽ പെട്ടെന്നു 2 മീറ്റർ വരെ വെള്ളം ഉയർന്നത് ആശങ്കയുണ്ടാക്കി.പെരിയാർ തീരത്തെ കിണറുകളിലും ചെളിവെള്ളം കയറി. പെരിയാറിന്റെ കൈവഴികളിലും ചെളിവെള്ളമെത്തി. ഡാമിൽ നിന്നു വെള്ളം തുറന്നു വിടുന്ന കാര്യം മുൻകൂട്ടി അറിയിച്ചിട്ടില്ലെന്നാണു പരാതി. ചെളിവെള്ളമായിട്ടും കഴിഞ്ഞ ദിവസം മാത്രമാണു പമ്പിങ് നിർത്തിയതെന്നും പറയുന്നു. ഭൂതത്താൻകെട്ട് ഡാമിൽ നിന്നു കൂടുതൽ വെള്ളമൊഴുക്കിയാൽ മാത്രമേ പെരിയാറിലെ വെള്ളം തെളിയുകയുള്ളുവെന്നു വാട്ടർ അതോറിറ്റി അധികൃതർ പറഞ്ഞു. ഇതിനു 3 ദിവസമെങ്കിലും വേണ്ടിവരും.



# കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ശുചീകരണ പ്രവർത്തനങ്ങളിലൂടെ മാതൃകയായി

**കിഴക്കമ്പലം:** ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും ജീവനക്കാരും കിഴക്കമ്പലം ടൗൺ ശുചീകരിച്ചുകൊണ്ട് പൊതു സമൂഹത്തിന് നല്ലൊരു സന്ദേശം പകർന്നു നൽകി മാതൃകയായി. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനിര തീഷ് വൈസ് പ്രസിഡൻറ്, സെക്രട്ടറി വാർഡ് മെമ്പർമാർ ജീവനക്കാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

വലിച്ചെറിയൽ വിരുദ്ധ വാരവുമായി ബന്ധപ്പെട്ട് മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി പഞ്ചായത്ത് നിരവധി ഇടപെടലുകളാണ് നടത്തി കൊണ്ടിരിക്കുന്നത്. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സഹകരണം ലഭിക്കുന്നുണ്ടെങ്കിൽ പോലും ഒരു വിഭാഗം ആൾക്കാർ ഇപ്പോഴും ഈ വിഷയത്തിൻറെ പ്രധാന്യം മനസ്സിലാക്കാതെ പോകുന്നത് പഞ്ചായത്തിന് വലിയ പ്രതിസന്നിസൃഷ്ടിക്കുന്ന തായി പഞ്ചായത്ത് പ്രസിഡന്റ് ശുചികരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി പറഞ്ഞു ഫെബ്രുവരി മാസത്തോടു കൂടി തന്നെ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമമായി പ്രഖ്യാപിക്കുവാനുള്ള തീവ്ര ശ്രമമാണ് നടത്തി കൊണ്ടിരിക്കുന്നത്. ഇത് വിജയിപ്പിക്കുവാനായി സമൂഹത്തിലെ ആ ബാലവൃദ്ധം ജനങ്ങളുടെയും സഹകരണം അനിവാര്യമാണ് അതിൽ ചെറുതന്നോ, വലുതെന്നോഇല്ല. കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവരുടെ സഹകരണം ഉണ്ടാകണമെന്നും ജനങ്ങളോട് ആവശ്യപ്പെട്ടു പഞ്ചായത്തി ന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ വ്യാപകമായി സ്ഥാപിച്ചുകൊണ്ട് കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ ഫൈൻ ചുമത്തുന്നത് ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുമെന്ന് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചു. ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിൻസി അജി ആരോഗ്യകാര്യസ്ഥിരം സമിതി അദ്ധ്യക്ഷ ജെനീസ് കാച്ചപ്പിള്ളി മെമ്പേഴ്സ് എന്നിവർ നേതൃത്വം നൽകി.

# പുഞ്ചക്കൃഷി 65 ദിവസം പിന്നിട്ടു; നെല്ലുസംഭരണ നടപടിക്ക് തുടക്കം

**എടത്വ:** പുഞ്ചക്കൃഷി 65 ദിവസം പിന്നിട്ടതോടെ നെല്ലു സംഭരണത്തിനുള്ള നടപടികൾ ആരംഭിച്ചു. സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്നതിനുള്ള ഓൺലൈൻ റജിസ്ട്രേഷൻ ഇന്നലെ മുതൽ ആരംഭിച്ചു. www.supplycopaddy.in എന്ന സൈറ്റ് വഴിയാണ് റജിസ്ട്രേഷൻ നടത്തേണ്ടത്.ഇക്കുറി 30000 ഹെക്ടറിൽ കൂടുതൽ കൃഷി ചെയ്തിട്ടുണ്ട്. ഏക്കറിന് ശരാശരി 25 ക്വിന്റൽ നെല്ല് ലഭിച്ചാൽ തന്നെ 19 ലക്ഷത്തിലധികം നെല്ല് സംഭരിക്കേണ്ടിവരും എന്നാണ് കണക്കുകൂട്ടൽ.

മാർച്ച് ആദ്യം മുതൽ കൊയ്ത്ത് ആരംഭിക്കും. നെല്ല് സംഭരിക്കുന്നതിനായി 59 മില്ലുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കുറിയും പിആർഎസ് വായ്പ ആയിട്ടാണ് വില നൽകുന്നത്.അടുത്ത സീസൺ മുതൽ നെല്ല് സംഭരിച്ചാൽ ഉടൻതന്നെ വില കർഷകരുടെ അക്കൗണ്ടിൽ എത്തുമെന്നാണ് കൃഷി മന്ത്രി പറഞ്ഞിരിക്കുന്നത്.

എന്നാൽ ഇക്കഴിഞ്ഞ രണ്ടാം കൃഷിയുടെ നെല്ലിന്റെ വില പോലും പൂർണമായും കൊടുത്തു തീർത്തിട്ടില്ല. കൊയ്ത്ത് 98 ശതമാനവും പൂർത്തിയായി. 39685.85 ടൺ നെല്ല് സംഭരിക്കുകയും ചെയ്തു. ഇതിനോടകം എസ്ബിഐ 11.98 കോടിയും, കനറാ ബാങ്ക് 15.53 കോടിയും കർഷകർക്കു നൽകി.

# സ്കൂൾ കലോത്സവം: പന്തൽ കൈമാറി

**തിരുവനന്തപുരം:** 63ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിലെ പന്തലിന്റെ നിർമാണം പൂർത്തിയാക്കി സംഘാടക സമിതിക്ക് കൈമാറി. മന്ത്രി വി ശിവൻകുട്ടിയാണ് ചടങ്ങിന് നേതൃത്വം നൽകിയത്. കലോത്സവത്തിന്റെ ഭാഗമായുള്ള വൈദ്യുത ദീപാലങ്കാരത്തിന്റെ ഉദ്ഘാടനവും മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. ചടങ്ങിൽ മന്ത്രി ജി ആർ അനിൽ, മേയർ ആര്യാ രാജേന്ദ്രൻ, ആന്റണി രാജു എംഎൽഎ, പി.സി വിഷ്ണുനാഥ് എംഎൽഎ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ് എന്നിവർ പങ്കെടുത്തു.



## സുരക്ഷിത യാത്ര; പദ്ധതിയുമായി കേരള സിനി ഡ്രൈവേഴ്സ് യൂണിയൻ

**കൊച്ചി:** സിനിമാ മേഖലയിൽ സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി എള്ളഎഗഅ ഗഋഉഡ ടഅഎള്ള ഖഛരഡഞചള്ളഥ എന്ന പേരിൽ പുതിയ ഒരു പദ്ധതി ആരംഭിച്ചു. ഫെഫ്ക ഓഫീസിൽ പ്രസിഡന്റ് സിബി മലയിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര താരം നിഖില വിമൽ പദ്ധതി ഉദ്ഘാടനം ചെയ്തു.സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന കേരള സിനി ഡ്രൈവേഴ്സ് യൂണിയന്റെ (ഗഋഉഡ) വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് സുരക്ഷിതമായ യാത്ര ഒരുക്കുക എന്നതാണ് പദ്ധതി. ഇത്തരത്തിലുള്ള  ഒരു സജ്ജീകരണം ഇന്ത്യയിൽ ആദ്യമായിട്ടാണെന്ന്  സിബി മലയിൽ പറഞ്ഞു.എല്ലാ വാഹനങ്ങളിലും യാത്ര ചെയ്യുന്നവർക്ക് കാണാനാകുന്ന  ഭാഗത്ത് വാഹനം ഓടിയ്ക്കുന്ന അംഗത്തിന്റെ പേരും മെമ്പർ ഐഡി നമ്പറും കൂടാതെ  ക്യു ആർ കോഡും ഉള്ള ഒരു കാർഡ് ഉണ്ടാകും. വാഹനത്തിനെ സംബന്ധിച്ചോ വാഹനത്തിന്റെ  ഡ്രൈവറെ സംബന്ധിച്ചോ  മറ്റെന്തെങ്കിലും തരത്തിലുള്ള പരാതിയോ ഉണ്ടെങ്കിൽ പ്രസ്തുത ക്യു ആർ കോഡ് സ്കാൻ ചെയ്ത് കഴിഞ്ഞാൽ മെമ്പറുടെ ഡീറ്റെയിൽസ് അടക്കം ഇതിനായി മാത്രം ക്രമീകരിച്ചിരിക്കുന്ന ഒരു വാട്സ്ആപ്പ് നമ്പറിലേയ്ക്ക് വരികയും അപ്പോൾ തന്നെ വരുന്ന വിഷയത്തിൽ ഇടപെടുകയും ചെയ്യും.24 മണിക്കൂറും  സേവനം ലഭ്യമാകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

പുതുവർഷത്തിൽ എല്ലാ അംഗങ്ങൾക്കും നൽകാൻ സജ്ജമാക്കിയ കലണ്ടറിന്റെ പ്രകാശനം ചലച്ചിത്ര താരം നിഖിലാ വിമലിന് നൽകിക്കൊണ്ട് ഫെഫ്ക പ്രസിഡന്റ് സിബി മലയിൽ നിർവ്വഹിച്ചു2025, 26 കാലയളവിലേക്കുള്ള പുതിയ ഐഡി കാർഡിന്റെ വിതരണോദ്ഘാടനം ഫെഫ്ക വർക്കിംഗ് സെക്രട്ടറി ശ്രീ സോഹൻ സീനുലാൽ നിർവ്വഹിച്ചു

ചടങ്ങിൽ യൂണിയൻ പ്രസിഡന്റ് ശ്രീ റെജി യുഎസ്, ജനറൽ സെക്രട്ടറി അനീഷ് ജോസഫ്, വൈസ് പ്രസിഡന്റ് ഹസ്സൻ അമീർ, കമ്മിറ്റി അംഗങ്ങളായ സുരേഷ് കുമാർ, സജീഷ് കുമാർ, യൂണിയൻ അംഗങ്ങളായ എബ്രാഹം മാത്യൂ,അൻസാർ, ഓഫീസ് മാനേജർ ശ്രീരാജ്,പി ആർ ഒ എ എസ് ദിനേശ് എന്നിവർ പങ്കെടുത്തു.



## എഎംഎംഎ കുടുംബ സംഗമം റിഹേഴ്സൽ ക്യാംപ് തുടങ്ങി

**കൊച്ചി:** മലയാള സിനിമ താര സംഘടനയായ എഎംഎംഎ ആദ്യമായി സംഘടിപ്പിക്കുന്ന  അമ്മ കുടുംബ സംഗമം  റിഹേഴ്സൽ ക്യാമ്പിന് കൊച്ചിയിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ വെച്ച് തിരി തെളിഞ്ഞു. മലയാള സിനിമയിലെ മുതിർന്ന അഭിനേതാവും സംവിധായകനും തിരക്കഥാകൃത്തുമായ  ശ്രീനിവാസനും  മമിതാ ബൈജുവും ചേർന്നാണ് ദീപം തെളിയിച്ചത്.ജനുവരി 4ന്  ശനിയാഴ്ച്ച രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് 240 ഓളം അമ്മ അംഗങ്ങളായ കലാകാരന്മാർ അണിയിച്ചൊരുക്കുന്ന അതിവിപുലമായ കലാകായിക വിനോദ പരിപാടികൾ രാവിലെ ഒമ്പത് മണി മുതൽ രാത്രി പത്തു വരെ അരങ്ങേറുന്നത്. എഎംഎംഎയുടെ മുപ്പത് വർഷത്തെ ചരിത്രത്തിൽ ആദ്യമായി എഎംഎംഎ അംഗങ്ങളും അവരുടെ കുടുംബങ്ങളും ഒത്തു ചേരുകയാണ്. പ്രസ്തുത ഷോയിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിക്കുന്നത് എഎംഎംഎയുടെ അംഗങ്ങൾക്ക് ആജീവനാന്ത ജീവൻ രക്ഷ മരുന്നുകൾ സൗജന്യമായി നല്കുന്നതിന് വേണ്ടിയാണ്.ചടങ്ങിൽ ആശംസ അറിയിച്ചു കൊണ്ട് ബാബുരാജ്, രവീന്ദ്രൻ, ആശാ ശരത്, ജയൻ ചേർത്തല, സുരേഷ് കൃഷ്ണ, വിനു മോഹൻ, നാദിർഷ (ഷോ ഡയറക്ടർ ), ഉണ്ണി ശിവപാൽ, ജോമോൾ, നാസർ ലത്തീഫ്, അനന്യ, അൻസിബ, കലാഭവൻ ഷാജോൺ, നിവിയ, മഹിമ നമ്പ്യാർ, മീഡിയ പാർട്ണർ ഹൈദരാലി, അർജുൻ, മുന്ന എന്നിവർ പങ്കെടുത്തു.

സുരേഷ് ഗോപി,  മമ്മൂട്ടി, മോഹൻലാൽ എന്നിവർ ചേർന്ന് ജനുവരി 4ന് രാവിലെ ഒമ്പത് മണിക്ക് തിരി തെളിക്കുന്നതോടെ എഎംഎംഎ കുടുംബ സംഗമത്തിന് തുടക്കം കുറിക്കും.

# പ്രകൃതിപഠന ക്യാംപ് സംഘടിപ്പിച്ചു



**കൊച്ചി:** വനംവകുപ്പും എറണാകുളം പ്രസ് ക്ലബുമായി സഹകരിച്ച് മാധ്യമപ്രവർത്തകർക്കായി ത്രിദിന പ്രകൃതിപഠന ക്യാംപ് സംഘടിപ്പിച്ചു. പാമ്പാടും ഷോലെയിൽ നടന്ന ക്യാംപ് അസി.വൈൽഡ്  ലൈഫ് വാർഡൻ അനന്ത പദ്മനാഭൻ ഉദ്ഘാടനം ചെയ്തു. വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ റെനി ആർ പിള്ള ആമുഖ പ്രസംഗം നടത്തി. എറണാകുളം പ്രസ്ക്ലബ് പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ , കൺസർവേഷൻ ബയോളജിസ്റ്റ് രാജ്കുമാർ, എറണാകുളം പ്രസ്ക്ലബ് സെക്രട്ടറി എം ഷജിൽ കുമാർ എന്നിവർ സംസാരിച്ചു.

ഇക്കോ ഫോറസ്റ്റ് സ്റ്റേഷൻ സന്ദർശനം, ട്രക്കിംഗ്, ഫീൽഡ് ട്രിപ്പ് എന്നിവയും സംഘടിപ്പിച്ചിരുന്നു. മനുഷ്യ വന്യജീവി സംഘർഷങ്ങൾ എന്നറിയപ്പെടുന്ന അപകടങ്ങൾ കൊടുത്താലും നടന്നിട്ടുള്ളത് റിസർവ് ഫോറസ്റ്റിനുള്ളിലാണെന്നും മനുഷ്യ ജീവനും സ്വത്തും സംരക്ഷിക്കാൻ ജാഗ്രത പുലർത്തുന്നുണ്ടെന്നും സംഭവങ്ങളെ സെൻസേഷണലൈസ് ചെയ്യുന്നതിന് പകരം മുൻകരുതലുകളും ക്രിയാത്മകമായ നടപടികളുമാണ് വേണ്ടതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി. ജനങ്ങളുടെ സഹകരണവും വനവകുപ്പ് അഭ്യർഥിച്ചു.

# ആദി ശങ്കരയിൽ അന്താരാഷ്ട്ര കോൺഫറൻസ്

**കൊച്ചി:** ലൈഫ്ലോംഗ് ലേണിംഗ്, സുസ്ഥിര ഭാവി എന്ന വിഷയത്തിൽ കാലടിയിലെ ആദി ശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി ത്രിദിന ആഗോള കോൺഫറൻസ് സംഘടിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാലടി ക്യാമ്പസിൽ ജനുവരി 6, 7, 8 തീയതികളിലാണ് പരിപാടി. കോൺഫറൻസിൽ ഹാർട്ഫുൾനെസ് ഗ്ലോബൽ ഹെഡ് പത്മഭൂഷൺ കമലേഷ് ഡി പട്ടേൽ (ഡാജി), ദുബായ് സായിദ് ഫൗണ്ടേഷൻ ചെയർമാൻ ഡോ. മുഹമ്മദ് എ ബിൻ ഫഹദ്, അയർലൻഡ് എഎസ്ഇഎം ഹോണറബ്ൾ ചെയർ പ്രൊഫ. സീമസ് ഓ' ടാമ, കോഴിക്കോട് എൻഐടി ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ തുടങ്ങി ഇരുപതോളം പ്രമുഖർ പങ്കെടുക്കുമെന്ന് കെ. ആനന്ദ്, മാനേജിങ് ട്രസ്റ്റി, ആദിശങ്കര ട്രസ്റ്റ്, ഡോ.ജേക്കബ് ജോർജ്, സീനിയർ അസോസിയേറ്റ് ഡയറക്ടർ, ആദി ശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, എൻ. ശ്രീനാഥ്, ജനറൽ മാനേജർ, ആദിശങ്കര ഗ്രൂപ്പ് ഓഫ് ഇൻസ്ടിട്യൂഷൻസ് എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.പതിനെട്ടു രാജ്യങ്ങളിൽ നിന്നുള്ളവർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, സമൂഹം എന്നിവയുടെ വിവിധ പശ്ചാത്തലങ്ങളിൽ ലൈഫ്ലോംഗ് ലേണിംഗും സുസ്ഥിരതയും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വിവിധ വശങ്ങളാണ് കോൺഫറൻസിലെ പ്രബന്ധങ്ങൾക്കും പ്രഭാഷണങ്ങൾക്കും വിഷയമാവുക.ഏഷ്യായൂറോപ്പ് മീറ്റിംഗ് (എഎസ്ഇഎം) ലൈഫ്ലോംഗ് ലേണിംഗ് ഓർഗനൈസേഷനിൽ ഇന്ത്യ 2007 മുതൽ അംഗമാണെങ്കിലും ഇതാദ്യമായാണ് കേരളത്തിൽ ഈ വിഷയത്തിൽ ഒരു ആഗോള കോൺഫറൻസ് അരങ്ങേറുന്നത്.ആദി ശങ്കര ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി കെ ആനന്ദ്, പത്മഭൂഷൺ കമലേഷ് ഡി പട്ടേൽ (ഡാജി), ദുബായ് സായിദ് ഫൗണ്ടേഷൻ ചെയർമാൻ ഡോ. മുഹമ്മദ് എ ബിൻ ഫഹദ്, അയർലൻഡ് എഎസ്ഇഎം ഹോണറബ്ൾ ചെയർ പ്രൊഫ. സീമസ് ഓ' ടാമ തുടങ്ങിയവർ ചേർന്ന് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. പതിനെട്ടു രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# ഗാർഹിക സോളർ വൈദ്യുതി ഉൽപാദകർക്കും ടിഒഡി ബില്ലിങ്



**തിരുവനന്തപുരം:** പ്രതിമാസം 250 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക സൗരോർജ ഉൽപാദകരിൽ (പ്രൊസ്യൂമർ) ത്രീ ഫേസ് കണക്ഷനുള്ളവർ ടൈം ഓഫ് ഡേ (ടിഒഡി) ബില്ലിങ് പരിധിയിലായി. ഓരോ മാസവും ഗ്രിഡിൽനിന്ന് ഉപയോഗിക്കുന്ന വൈദ്യുതിയും (ഇംപോർട്ട്) സോളർ പ്ലാന്റിൽനിന്ന് ഉൽപാദിപ്പിച്ച് വീട്ടിലെ ആവശ്യത്തിന് ഉപയോഗിച്ച ശേഷം ഗ്രിഡിലേക്കു നൽകുന്ന വൈദ്യുതിയും (എക്സ്പോർട്ട്) തമ്മിലെ വ്യത്യാസം കണക്കാക്കി, ബിൽ ചെയ്യുന്ന ഇംപോർട്ട് വൈദ്യുതിയുടെ അളവ് 250 യൂണിറ്റിൽ കൂടുതലാണെങ്കിൽ മാത്രമേ ടിഒഡി ബില്ലിങ് പരിധിയിലാകൂ.

എന്നാൽ, ഇത്തരത്തിൽ ടിഒഡി ബില്ലിങ്ങിലേക്ക് എത്തുമ്പോൾ, പകൽ സോളർ വൈദ്യുതിയുള്ളതിനാൽ വൈകിട്ട് 6 നും രാവിലെ 6 നും ഇടയിലുള്ള വൈദ്യുതി ഉപയോഗമായിരിക്കും കൂടുതൽ ബിൽ ചെയ്യപ്പെടുക. ടിഒഡി ബില്ലിങ് പ്രകാരം ഈ സമയം ഗ്രിഡിൽനിന്ന് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സാധാരണ നിരക്കിനെക്കാൾ 10% കുറവാണ്. വൈകിട്ട് 6 നും രാത്രി 10നും ഇടയിലെ വൈദ്യുതി ഉപയോഗത്തിനു സാധാരണ നിരക്കിന്റെ 25% അധികവും തുടർന്നുള്ള മണിക്കൂറുകളിൽ സാധാരണ വൈദ്യുതി നിരക്കും നൽകേണ്ടിവരും.

സോളർ ബില്ലിങ്ങിന് ഉപയോഗിക്കുന്ന നെറ്റ് മീറ്ററുകൾ എല്ലാം ടിഒഡി ബില്ലിങ് രീതിക്ക് യോജിച്ചവയായതിനാൽ ഇവയിൽ ചെറിയ സെറ്റിങ് മാറ്റം മാത്രം മതിയാകും. അതിനാൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ പ്രൊസ്യൂമർമാരെയും പെട്ടെന്ന് ടിഒഡി മീറ്ററിലേക്കു മാറ്റാനാകും. അതിനാൽ ഈ പരിധിയിലുള്ള എല്ലാ പ്രൊസ്യൂമർമാരും  ബില്ലിങ് ടിഒഡി രീതിയിലേക്കു മാറി. കഴിഞ്ഞ വർഷം 6 മാസത്തെ ശരാശരി വൈദ്യുതി ഉപയോഗം പരിശോധിച്ചാണ് പ്രതിമാസ ഉപയോഗം 250 യൂണിറ്റിൽ കൂടുതലുള്ള ഉപയോക്താക്കളെ കണ്ടെത്തി ടിഒഡി ബില്ലിങ്ങിലേക്കു മാറ്റുന്നത്.

പ്രതിമാസ വൈദ്യുതി ഉപയോഗം 250 യൂണിറ്റിൽ കൂടുതലാണെങ്കിലും നിലവിൽ സിംഗിൾ ഫേസ് കണക്ഷൻ ഉപയോഗിക്കുന്ന സാധാരണ ഉപയോക്താക്കൾക്കും സോളർ പ്രൊസ്യൂമർമാർക്കും ടിഒഡി ബില്ലിങ് ബാധകമാകില്ല. 250 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിച്ചാലും കണക്ടഡ് ലോഡ് 5000 കിലോവാട്ടിന് താഴെയാണെങ്കിൽ ത്രീഫേസ് കണക്ഷൻ നിർബന്ധമല്ല.




# കമ്മ്യൂണിസ്റ്റ് പച്ച അഥവാ അപ്പ ഇന്നുമുതൽ

കണ്ടം ക്രിക്കറ്റ് കളി പശ്ചാത്തലമാക്കി നവാഗത സംവിധായകൻ ഷമീം മൊയ്തീൻ സംവിധാനം ചെയ്യുന്ന കമ്മ്യൂണിസ്റ്റ് പച്ച അഥവാ അപ്പ ഇന്ന് പ്രദർശനത്തിനെത്തുന്നു. സുഡാനി ഫ്രം നൈജീരിയ എന്ന ആദ്യ സിനിമയിലൂടെ അവാർഡുകൾ വാരിക്കൂട്ടിയ സംവിധായകൻ സക്കരിയ നായകനാവുന്ന ഈ മുഴുനീള സറ്റയറിക്കൽ കോമഡി ചിത്രത്തിൽ അൽത്താഫ് സലിം, നസ്ലിൻ, ജമീല സലീം, സജിൻ ചെറുകയിൽ, സരസ ബാലുശ്ശേരി, രഞ്ജി കൺകോൾ, വിജിലേഷ്, ബാലൻ പാറക്കൽ, ഷംസുദ്ദീൻ മങ്കരത്തൊടി, അശ്വിൻ വിജയൻ, സനന്ദൻ, അനുരൂപ്, ഹിജാസ് ഇക്ബാൽ, വിനീത് കൃഷ്ണൻ, അനിൽ. കെ, കുടശ്ശനാട് കനകം തുടങ്ങിയവരും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഹരിത പ്രൊഡക്ഷൻസിന്റെ ബാനറിൽ സൽവാൻ നിർമിച്ചിരിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷാഫി കോറോത്ത് നിർവ്വഹിക്കുന്നു.നിഷാദ് അഹമ്മദ് എഴുതിയ വരികൾക്ക് ശ്രീഹരി നായർ സംഗീതം പകരുന്നു.

കെ എസ് ചിത്ര, ഗോവിന്ദ് വസന്ത, ബെന്നി ഡയാൽ, ഡി.ജെ ശേഖർ എന്നിവരാണ് ഗായകർ.എഡിറ്റിങ്നിഷാദ് യൂസഫ്,പ്രൊഡക്ഷൻ കൺട്രോളർഗിരീഷ് അത്തോളി,ലൈൻ പ്രൊഡ്യൂസർഹാരിസ് ദേശം,കലഅനീസ് നാടോടി,മേക്കപ്പ് റബീഷ് ബാബു .പി, വസ്ത്രാലങ്കാരംഇർഷാദ് ചെറുക്കുന്ന്, സൗണ്ട് ഡിസൈൻപി.സി വിഷ്ണു, ആർട്ട്അസീസ് കരുവാരക്കുണ്ട്, സ്റ്റിൽസ് അമൽ സി സദർ,കൊറിയോഗ്രാഫി ഇംതിയാസ് അബൂബക്കർ, വി .എഫ് .എക്സ്എഗ്ഗ് വൈറ്റ് വി.എഫ്.എസ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഹാരിസ് റഹ്മാൻ,ഡി. ഐമാഗസിൻ മീഡിയ, ടൈറ്റിൽ ഡിസൈൻ സീറോ ഉണ്ണി, ഡിസൈൻയെല്ലോ ടൂത്ത്,പിആർ ഒഎ എസ് ദിനേശ്.




അർജുൻ അശോകൻ, മാത്യു തോമസ്, മഹിമ നമ്പ്യാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ഡി ജോസ് സംവിധാനം ചെയ്യുന്ന ബ്രോമാൻസ് എന്ന ചിത്രത്തിലെ ആദ്യ വീഡിയോ ഗാനം റിലീസായി.

കിരൺ കവേരപ്പ എഴുതിയ വരികൾക്ക് ഗോവിന്ദ് വസന്ത സംഗീതം പകർന്ന് സഞ്ജിത്ത് ഹെഗ്ഡെ ആലപിച്ച കൊടുവ വെഡ്ഡിംഗ് സോങ്ങാണ് റിലീസായത്.ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ കലാഭവൻ ഷാജോൺ, ബിനു പപ്പു, ശ്യാം മോഹൻ, സംഗീത് പ്രതാപ് തുടങ്ങിയ താരങ്ങളും അഭിനയിക്കുന്നു. ജോ ആൻഡ് ജോ, 18+ എന്നീ ഹിറ്റ് ചിത്രങ്ങൾക്കു ശേഷം അരുൺ ഡി ജോസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ബ്രോമാൻസ്. അരുൺ ഡി ജോസ്, തോമസ് പി സെബാസ്റ്റ്യൻ, രവീഷ്നാഥ് എന്നിവർ ചേർന്നാണ് തിരക്കഥ സംഭാഷണം എഴുതുന്നത്. അഖിൽ ജോർജ് ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റിർ ചമൻ ചാക്കൊ, സംഗീതം ഗോവിന്ദ് വസന്ത, പ്രൊഡക്ഷൻ കൺട്രോളർ സുധർമ്മൻ വള്ളിക്കുന്ന്, മേക്കപ്പ്റോണക്സ് സേവ്യർ,കോസ്റ്റ്യൂംസ് മഷർ ഹംസ, കലാസംവിധാനം നിമേഷ് എം താനൂർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ റെജിവാൻ അബ്ദുൽ ബഷീർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സജി പുതുപ്പള്ളി, പ്രൊഡക്ഷൻ മാനേജർ സുജിത്,ഹിരൺ, ഡിസൈൻസ് യെല്ലോ ടൂത്ത്,സ്റ്റിൽസ്വിഘ്നേശ്, കണ്ടെന്റ് &മാർക്കറ്റിംഗ്ഡിസൈൻ പപ്പെറ്റ് മീഡിയ, പി ആർ ഒഎ എസ് ദിനേശ്.



# നൈറ്റ് റൈഡേഴ്സ് തുടങ്ങി

ചിത്രസംയോജകൻ നൗഫൽ അബ്ദുള്ള ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം നൈറ്റ് റൈഡേഴ്സിന്റെ ചിത്രീകരണം പാലക്കാട് ആരംഭിച്ചു. മാത്യു തോമസ് നായകനായി ബിഗ് ബഡ്ജറ്റിലൊരുങ്ങുന്ന നൈറ്റ് റൈഡേഴ്സിന്റെ ചിത്രീകരണം പാലക്കാട്, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ അറുപതു ദിവസത്തോളം ഉണ്ടാകും. ഹൊറർ കോമഡി ജോണറിൽ ഒരുങ്ങുന്ന ചിത്രം മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ റിലീസ് ചെയ്യും. ഉള്ളാക്ക് ഫിലിംസിന്റെ ബാനറിൽ നിസാർ ബാബു, സജിൻ അലി എന്നിവരാണ് നൈറ്റ് റൈഡേഴ്സിന്റെ നിർമ്മാണം നിർവഹിക്കുന്നത്. ജ്യോതിഷ് എം., സുനു എ.വി. എന്നിവരാണ് ചിത്രത്തിന്റെ രചയിതാക്കൾ.മാത്യു തോമസിനോടൊപ്പം മീനാക്ഷി ഉണ്ണികൃഷ്ണനും നൈറ്റ് റൈഡേഴ്സിലെ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. അബു സലിം, റോണി ഡേവിഡ് രാജ്, റോഷൻ ഷാനവാസ്, ശരത് സഭ, മെറിൻ ഫിലിപ്പ്, സിനിൽ സൈനുദ്ധീൻ, നൗഷാദ് അലി, നസീർ സംക്രാന്തി, ചൈത്ര പ്രവീൺ എന്നിവരാണ് ചിത്രത്തിലെ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ബിജേഷ് താമി, ലൈൻ പ്രൊഡ്യൂസർ: ഫൈസൽ അലി, ഡി ഓ പി: അഭിലാഷ് ശങ്കർ, എഡിറ്റർ: നൗഫൽ അബ്ദുള്ള, മ്യൂസിക്: യാക്ക്സൻ ഗാരി പെരേര, നേഹ എസ്. നായർ, സൗണ്ട് ഡിസൈൻ: വിക്കി, ഫൈനൽ മിക്സ്: എം.ആർ. രാജാകൃഷ്ണൻ, വസ്ത്രലങ്കാരം: മെൽവി ജെ., മേക്കപ്പ്: റോണക്സ് സേവ്യർ, ആർട്ട് ഡയറക്റ്റർ: നവാബ് അബ്ദുള്ള, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ: ഫിലിപ്പ് ഫ്രാൻസിസ്, പ്രൊഡക്ഷൻ കൺട്രോളർ :ജിനു പി.കെ, സ്റ്റിൽസ്: സിഹാർ അഷ്റഫ്, ഡിസൈൻ:എസ്. കെ.ഡി, പി ആർ ഒ: പ്രതീഷ് ശേഖർ.

# പാലാ കാൻസർ ആശുപത്രിക്ക് 2.45 കോടിയുടെ ഭരണാനുമതി

**പാലാ:** കെ.എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രിയില് പുതുതായി സ്ഥാപിക്കുന്ന കാൻസർ ആശുപത്രിയുടെ റേഡിയേഷൻ ഓങ്കോളജി ബ്ലോക്കിൻറെ നിർമാണത്തിനായി പ്രാദേശിക വികസന ഫണ്ടിൽനിന്ന് അനുവദിച്ച 2.45 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായി. കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിക്കാണ് നിർമാണച്ചുമതല.




റേഡിയേഷൻ അടക്കമുള്ള ചികിത്സാസൗകര്യം ഉറപ്പാക്കുന്നതിലെ തടസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ജോസ് കെ. മാണി വിഷയത്തിൽ ഇടപെട്ടത്. ജില്ലാ പഞ്ചായത്ത്, നാഷണൽ ഹെൽത്ത് മിഷൻ, പാലാ നഗരസഭ എന്നിവ സംയുക്തമായി ചേർന്ന് ടെലികോബൾട്ട് യൂണിറ്റ് വാങ്ങാൻ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും മെച്ചപ്പെട്ട കെട്ടിടസൗകര്യമില്ലാത്തതിനാൽ യൂണിറ്റ് സ്ഥാപിക്കാനായില്ല. ഇത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് റേഡിയേഷൻ ഓങ്കോളജി ബ്ലോക്ക് നിർമിക്കാൻ എംപി ഫണ്ടിൽ 2.45 കോടി രൂപ അനുവദിച്ചത്. സംസ്ഥാനത്തുതന്നെ ഒരൊറ്റ പ്രോജക്ടിനായി എംപി ഫണ്ടിൽനിന്നു രണ്ടു കോടിയിലധികം ചെലവഴിക്കുന്നതും ആദ്യമാണെന്ന് എംപി പറഞ്ഞു.

നിർമാണം പൂർത്തിയാകുന്നതോടെ ജില്ലയിലെ ഗവൺമെൻറ് ജനറൽ ആശുപത്രികളിൽ കാൻസർ റേഡിയേഷൻ സൗകര്യമുള്ള ആദ്യ ആശുപത്രിയായി പാലാ മാറും. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലയിൽ നിന്നെത്തുന്ന നിർധന രോഗികൾക്ക് ഉയർന്ന നിലവാരത്തിലുള്ള കാൻസർ ചികിത്സ നൽകാൻ ഇവിടെ കഴിയും.

കൊബാൾട്ട് ടെലിതെറാപ്പി യൂണിറ്റ്, റേഡിയേഷൻ തെറാപ്പി പ്ലാനിംഗ് റൂം, മൗൾഡ് റൂം, ഔട്ട് പേഷ്യൻറ് കാത്തിരിപ്പ് കേന്ദ്രം തുടങ്ങിയവ കൂടാതെ റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി യൂണിറ്റ്, ബ്രാക്കി തെറാപ്പി മൈനർ ഓപ്പറേഷൻ തിയറ്റർ തുടങ്ങിയ സൗകര്യങ്ങൾ കൂടി ഭാവിയിൽ ഉൾക്കൊള്ളുന്ന വിധത്തിലാവും കെട്ടിട നിർമാണം പൂർത്തിയാക്കും.

ആകെ 6.18 കോടി രൂപയുടെ ധനസഹായം ലഭിച്ച ഈ പദ്ധതി കോട്ടയം ജില്ലയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്നവർക്കായി സമഗ്രമായ കാൻസർ പരിചരണം നൽകുന്നതാണ്. കെട്ടിട നിർമാണം പൂർത്തിയാകുന്നതോടെ കേന്ദ്ര ആറ്റോമിക് എനർജി വിഭാഗം ആധുനിക റേഡിയേഷൻ സംവിധാനം ഒരുക്കുന്നതിനായി അനുവദിച്ച അഞ്ചു കോടി രൂപയുടെ ഗ്രാൻറ് കൂടി ലഭ്യമാകും.



# നിലമ്പൂർ പാതയിൽ കൂടുതൽ ട്രെയിനുകൾ അനുവദിച്ചേക്കും

**ഷൊർണൂർ:** ഷൊർണൂർ നിലമ്പൂർ പാതയിൽ ഇലക്ട്രിക് ട്രെയിനുകൾ സർവീസ് തുടങ്ങിയതോടെ പാതയിൽ കൂടുതൽ ട്രെയിനുകൾ ഓടിത്തുടങ്ങുമെന്ന് പ്രതീക്ഷ.

ഇന്ത്യൻ റെയിൽവേയുടെ പുതുവത്സരസമ്മാനമായിട്ടാണ് ഷൊർണൂർ നിലമ്പൂർ ലൈനിൽ ഇലക്ട്രിക് വണ്ടികൾ ഓടിത്തുടങ്ങിയത്. ഇലക്ട്രിക് എൻജിനുമായി ഗുഡ്സ് ട്രെയിൻ നടത്തിയ പരീക്ഷണഓട്ടം വിജയമായിരുന്നു.

അങ്ങാടിപ്പുറം എഫ്സിഐ ഗോഡൗണിലേക്ക് ധാന്യങ്ങളുമായി 21 ബോഗികളുള്ള വണ്ടി രാവിലെ 10.20നാണ് അങ്ങാടിപ്പുറത്ത് എത്തിയത്. പരീക്ഷണഓട്ടം വിജയിച്ചതോടെ ഇന്നലെ മുതൽ എല്ലാ ട്രെയിനുകളും ഇലക്ട്രിക് ലോക്കോയുമായാണ് വരുന്നതും പോകുന്നതും. പാലക്കാട് നിന്നുള്ള ഇലക്ട്രിക് ലോക്കോ എക്സ്റ്റൻഷൻ ഉപയോഗിച്ചാണ് ഗുഡ്സ് ട്രെയിൻ അങ്ങാടിപ്പുറം വരെ എത്തിയത്. മേലാറ്റൂരിലെ ട്രാക്ഷൻ സബ് സ്റ്റേഷൻ തിങ്കളാഴ്ച ചാർജ് ചെയ്തതോടെ വൈദ്യുതീകരണത്തിൻറെ നടപടികൾ പൂർത്തിയായി. 66 കിലോമീറ്റർ പാതയും അങ്ങാടിപ്പുറം, വാണിയമ്പലം, നിലമ്പൂർ യാർഡുകളുമടക്കം 70 കിലോമീറ്റർ വൈദ്യുതീകരിക്കാൻ 1300 തൂണുകളാണ് സ്ഥാപിച്ചത്. ഈ തൂണുകളിലൂടെ കാൻഡി ലിവർ രീതിയിലാണ് വൈദ്യുതിക്കമ്പികൾ സ്ഥാപിച്ചിട്ടുള്ളത്.

വാടാനാംകുറുശ്ശി, അങ്ങാടിപ്പുറം, വാണിയമ്പലം എന്നിവിടങ്ങളിലാണ് സ്വിച്ചിംഗ് സംവിധാനമുള്ളത്. ഏകദേശം 110 കോടിയാണ് ചെലവ്.

ഇനി ഒരു മണിക്കൂർ 10 മിനിറ്റിനകം ഷൊർണൂരിൽനിന്ന് നിലമ്പൂരെത്താം. ഇതുവരെ 1.35 മിനിറ്റായിരുന്നു സമയദൈർഘ്യം.

ഇലക്ട്രിക് ട്രെയിനുകൾ ഓടിത്തുടങ്ങിയാൽ പുതിയ സർവീസുകൾ വരുമെന്നാണ് പ്രതീക്ഷ.

# മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** 2023 ഒക്ടോബറിൽ തൃശ്ശൂരിൽ നടത്തിയ അറുപത്തി അഞ്ചാമത് സംസ്ഥാന സ്കൂൾ കായികോത്സവുമായി ബന്ധപ്പെട്ട മാധ്യമ അവാർഡുകളും കൊല്ലത്ത് നടന്ന 62ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ മാധ്യമ പുരസ്കാരങ്ങളും പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ മന്ത്രി വി ശിവൻകുട്ടിയാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

അച്ചടി മാധ്യമത്തിലെ സമഗ്ര കവറേജിനുള്ള പുരസ്കാരം മലയാള മനോരമ ദിനപ്പത്രവും ദൃശ്യമാധ്യമത്തിലെ മികച്ച കവറേജിനുള്ള പുരസ്കാരം ഏഷ്യാനെറ്റ് ന്യൂസും നേടി. സമഗ്ര ശ്രവ്യ കവറേജ് വിഭാഗത്തിൽ എൻട്രികൾ ഇല്ലായിരുന്നു.

മാതൃഭൂമി ന്യൂസിലെ ആദിത്യൻ. ഒ മികച്ച ടി.വി. റിപ്പോർട്ടിനുള്ള അവാർഡിന് അർഹനായി. മികച്ച പത്ര റിപ്പോർട്ടർ വിഭാഗത്തിൽ ജൂറി ആരെയും തിരഞ്ഞെടുത്തില്ല. മികച്ച വാർത്താ ചിത്രത്തിനുള്ള പുരസ്കാരം ചന്ദ്രിക ദിനപ്പത്രത്തിലെ ഡയമണ്ട് പോളിനാണ്. മികച്ച ഛായാഗ്രഹണത്തിനുള്ള അവാർഡ് മീഡിയവണ്ണിലെ ബബീഷ് കക്കോടി നേടി. തൃശ്ശൂർ മീഡിയവിഷൻ ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമായി.

മുതിർന്ന മാധ്യമ പ്രവർത്തകരായ ജോൺ സാമുവൽ, രവി മേനോൻ, വിനോദ്.എ. എന്നിവർ അടങ്ങുന്ന അവാർഡ് നിർണയ സമിതിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തത്.

62ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമഗ്ര കവറേജിനുള്ള അവാർഡിന് മാതൃഭൂമിയെ തെരഞ്ഞെടുത്തു. മികച്ച റിപ്പോർട്ടറായി ബീന അനിതയെയും (മാധ്യമം), മികച്ച ഫോട്ടോഗ്രാഫറായി രാജേഷ് രാജേന്ദ്രനെയും (ജനയുഗം) തെരഞ്ഞെടുത്തു. മികച്ച കാർട്ടൂണിനുള്ള പുരസ്കാരം കെ.വി.എം. ഉണ്ണി (മാതൃഭൂമി) നേടി.

ഇംഗ്ലീഷിലെ സമഗ്ര കവറേജിനുള്ള പുരസ്കാരം ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിനാണ്. മികച്ച റിപ്പോർട്ടർ എസ്.ആർ.പ്രവീൺ (ദ ഹിന്ദു), മികച്ച ക്യാമറാപേഴ്സൺ സി. സുരേഷ് കുമാർ (ദ ഹിന്ദു) എന്നിവരാണ്.

ദൃശ്യ മാധ്യമരംഗത്തെ മികച്ച റിപ്പോർട്ടറായി പി.സി. സൈഫുദ്ദീൻ (മീഡിയ വൺ) തെരഞ്ഞെടുക്കപ്പെട്ടു. ജൂറിയുടെ പ്രത്യേക പരാമർശം ധന്യ കിരൺ (മലയാള മനോരമ) നേടി. മികച്ച ക്യാമറാപേഴ്സണിനുള്ള പുരസ്കാരം സനോജ് പയ്യന്നൂർ (കേരള വിഷൻ), ഷാജു കെ വി (മാതൃഭൂമി) എന്നിവർ പങ്കിട്ടു. സമഗ്ര കവറേജിനുള്ള പുരസ്കാരം ഏഷ്യാനെറ്റ് ന്യൂസ്, മനോരമ ന്യൂസ് എന്നിവർ പങ്കിട്ടു.

ഓൺലൈൻ മീഡിയയിലെ സമഗ്ര കവറേജിനുള്ള അവാർഡ് ദി ഫോർത്തും ശ്രവ്യ മാധ്യമത്തിലെ മികച്ച കവറേജിനുള്ള പുരസ്കാരം റെഡ് എഫ്.എം റേഡിയോയും നേടി.വ്യക്തികൾക്ക് ഇരുപതിനായിരം രൂപയും സ്ഥാപനങ്ങൾക്ക് ഇരുപത്തി അയ്യായിരം രൂപയുമാണ് സമ്മാനത്തുക.

മുതിർന്ന മാധ്യമപ്രവർത്തകരായ ജേക്കബ് ജോർജ്, രാജീവ് ശങ്കരൻ, ദൂരദർശൻ മുൻ അസിസ്റ്റന്റ് ഡയറക്ടർ പി.കെ.വേണുഗോപാൽ, കാരയ്ക്കാമണ്ഡപം വിജയകുമാർ എന്നിവരടങ്ങുന്ന അവാർഡ് നിർണയ സമിതിയാണ് വിധി നിർണയിച്ചത്.

# കത്തോലിക്ക കോൺഗ്രസ് കർഷകസംഗമവും അവാർഡ് സമർപ്പണവും അഞ്ചിന്

**പാലാ:** കത്തോലിക്ക കോൺഗ്രസ് പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകസംഗമവും അവാർഡ് സമർപ്പണവും അഞ്ചിന് ഉച്ചകഴിഞ്ഞ് മൂന്നിന് മുണ്ടാങ്കൽ സെൻറ് ഡൊമിനിക് പാരിഷ് ഹാളിൽ നടക്കും. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനവും സമ്മാനദാനവും നിർവഹിക്കും.

രൂപത പ്രസിഡൻറ് ഇമ്മാനുവൽ ജോൺ നിധീരി അധ്യക്ഷത വഹിക്കും. രൂപത ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഗ്ലോബൽ പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിൽ, ഫാ. ജോർജ് പഴേപറമ്പിൽ എന്നിവർ പ്രസംഗിക്കും. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം സ്വാഗതവും പ്രമോദ് കാനാട്ട് കൃതജ്ഞതയും പറയും. കർഷകവേദി ചെയർമാൻ ടോമി കണ്ണീറ്റുമ്യാലിൽ മത്സരവിജയികളെ പരിചയപ്പെടുത്തും. കത്തോലിക്ക കോൺഗ്രസ് രൂപതയിലെ മുഴുവൻ ഇടവകകളെയും പങ്കെടുപ്പിച്ച് 2024ൽ നടത്തിയ പത്താമത് അടുക്കളത്തോട്ട മത്സരത്തിലെ വിജയികൾക്കാണ് സമ്മാനങ്ങൾ നൽകുന്നത്. ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മായം കലർന്ന പച്ചക്കറികൾ ഉപേക്ഷിക്കുന്നതിനും കുടുംബ ബജറ്റ് ക്രമീകരിക്കുന്നതിനും കുടുംബകൃഷി എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് അടുക്കളത്തോട്ട മത്സരം സംഘടിപ്പിച്ചുവരുന്നത്.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനുകീഴിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്കുള്ള ദേശീയ തൊഴിൽ സേവന കേന്ദ്രത്തിൽ കാർപ്പെന്ററി/ വുഡ് വർക്സ് ട്രേഡിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഒഴിവിലേക്ക് താത്കാലികാടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. വുഡ് വർക്സ്/ കാർപ്പെന്ററിയിൽ ഐ.ടി.ഐ ആണ് യോഗ്യത. 23 വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം. തിരുവനന്തപുരം ജില്ലിയിലുള്ളവർക്ക് മുൻഗണന. താത്പര്യമുള്ളവർ ജനുവരി 6ന് മുമ്പ് ബയോഡാറ്റ സഹിതം നേരിട്ടോ 9447310087 എന്ന നമ്പറിലോ ബന്ധപ്പെടുക.

# ഫെഡ് വൺ അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** കോർപറേറ്റ് ബാങ്കിങ് രംഗത്തെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി ഫെഡറൽ ബാങ്ക് ഫെഡ് വൺ അവതരിപ്പിച്ചു. ന്യൂക്ലിയസ് സോഫ്റ്റ് വെയറിന്റെ അത്യാധുനിക ബാങ്കിങ് പ്ലാറ്റഫോമായ ഫിൻആക്സിയ ആണ് ഫെഡറൽ ബാങ്ക് ഇതിനായി നടപ്പാക്കിയിരിക്കുന്നത്. കോർപറേറ്റ്, എസ്എംഇ ഇടപാടുകാർക്ക് ലഭിക്കുന്ന സേവനങ്ങളിൽ സമാനതകളില്ലാത്ത മികവാണ് ഈ സഹകരണത്തിലൂടെ ലഭ്യമാവുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

പത്തു മാസത്തെ വിപുലമായ ഒരുക്കങ്ങളിലൂടെയാണ് ഇരു സ്ഥാപനങ്ങളുടേയും പ്രതിബദ്ധതയും പ്രവർത്തന മികവും പുതുമകളും ഉയർത്തിക്കാട്ടുന്ന ഫെഡ് വൺ സംവിധാനം നടപ്പായത്. ഇടപാടുകാർക്ക് അതിവേഗത്തിലുള്ള നവീന സാമ്പത്തിക സേവനങ്ങൾ പ്രദാനം ചെയ്ത് വിപണിയിലെ മുൻനിരക്കാരാവാനും വളർന്നു വരുന്ന ബിസിനസ് അവസരങ്ങൾ പ്രയോജനപ്പെടുത്താനും ഇതു നടപ്പാക്കുന്നതിലൂടെ ഫെഡറൽ ബാങ്കിനു സാധിക്കും.പുതിയ സംവിധാനം കാര്യക്ഷമത വർധിപ്പിക്കുക മാത്രമല്ല അതിവേഗത്തിലുള്ള സേവനവും സുഗമമായ പ്രക്രിയകളും ഉറപ്പാക്കുന്നു. കോർപറേറ്റ് ഇടപാടുകാരുടെ ട്രഷറി പ്രവർത്തനങ്ങൾ കൂടുതൽ മികച്ചതും ലാഭക്ഷമമായതുമായ രീതിയിലും പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലും മുന്നോട്ടു കൊണ്ടു പോകാനും സഹായകമാകുമെന്നും ശാലിനി വാര്യർ പറഞ്ഞു. കോർപറേറ്റ് ബാങ്കിങ്ങിൽ പുതുമകൾ അവതരിപ്പിക്കാനുള്ള ഫെഡറൽ ബാങ്കിന്റെ പ്രതിബദ്ധതയാണ് ഫെഡ് വൺ അവതരിപ്പിച്ചതിലൂടെ ദൃശ്യമാകുന്നത്. ഉപഭോക്തൃ കേന്ദ്രീകൃതമായ ഡിജിറ്റൽ സേവനങ്ങളിലാണ് ബാങ്കിങ്ങിന്റെ ഭാവിയെന്നും ശാലിനി വാര്യർ പറഞ്ഞു.

## 2034ഓടെ ഇന്ത്യൻ ഇൻഷുറൻസ് മേഖല 35 മടങ്ങ് വളരും

**കൊച്ചി;** 2034ഓടെ ഇന്ത്യൻ ഇൻഷുറൻസ് മേഖല 35 മടങ്ങ് വളരുമെന്ന് എഡൽവെയ്സ് ലൈഫ് ഇൻഷുറൻസിന്റെ എംഡിയും സിഇഒയുമായ സുമിത് റായി അഭിപ്രായപ്പെട്ടു. പുരോഗമന നിയന്ത്രണ നയങ്ങളും ഡിജിറ്റൽ പരിവർത്തനവും കൊണ്ട് നയിക്കപ്പെടുന്ന ഇന്ത്യയുടെ ഇൻഷുറൻസ് മേഖല പ്രതിരോധശേഷിയുള്ളതും ചലനാത്മകവുമാണ്. പ്രവേശനക്ഷമതയും ലാളിത്യവും മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അടുത്ത ദശകത്തിൽ ഈ മേഖല ഗണ്യമായി വളരുമെന്ന് പ്രതീക്ഷിക്കുന്നു. ഗവൺമെന്റിന്റെ നിർദിഷ്ട ഇൻഷുറൻസ് നിയമങ്ങൾ (ഭേദഗതി) ബിൽ 2024 വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തും. '2047 ഓടെ എല്ലാവർക്കും ഇൻഷുറൻസ്' എന്ന കാഴ്ചപ്പാടിലേക്ക് ഈ മേഖലയെ നയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## യുടിഐ ക്വാണ്ട് ഫണ്ട് എൻഎഫ്ഒ ജനുവരി 16 വരെ

**കൊച്ചി:** ക്വാണ്ടിറ്റേറ്റീവ് നിക്ഷേപ തന്ത്രം പിന്തുടരുന്ന യുടിഐ മ്യൂചൽ ഫണ്ടിൻറെ ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ യുടിഐ ക്വാണ്ട് ഫണ്ടിൻറെ എൻഎഫ്ഒ ജനുവരി 16 വരെ നടത്തും. വിപുലമായ വിപണിയിൽ ദൃശ്യമാകുന്ന ചാഞ്ചാട്ടങ്ങൾ കൈകാര്യം ചെയ്യാനാവുന്ന മാതൃകയാണ് പദ്ധതി പിന്തുടരുന്നത്. ദീർഘകാല മൂലധന നേട്ടം സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ബിഎസ്ഇ 200 ടിആർഐ ആയിരിക്കും പദ്ധതിയുടെ അടിസ്ഥാന സൂചിക. കുറഞ്ഞത് ആയിരം രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളും ആയി നിക്ഷേപം നടത്താം.

## ഗ്ലോപിക്സ് ഒടിടി പ്ലാറ്റ്ഫോം ലോഗോ പ്രകാശനം

**കൊച്ചി:** ഗ്ലോബൽ പിക്സ് ഇൻകോർപറേഷൻ സംരംഭമായ ഗ്ലോപിക്സ് ഒടിടി പ്ലാറ്റ്ഫോമിൻറെ ലോഗോ പ്രകാശനം ചെയ്തു.

ഭോജ്പുരി, തമിഴ്, ഇംഗ്ലീഷ്, കന്നഡ, ഗുജറാത്തി, ബംഗാളി, മലയാളം സിനിമകൾ, ഡോക്യുമെൻററികൾ, വെബ് സീരീസുകൾ, വാർത്തകൾ, റിയാലിറ്റി ഷോകൾ എന്നിവ ഗ്ലോപിക്സിലൂടെ ലഭിക്കുമെന്ന് സ്ഥാപകനായ വിൻസി ആരവ് പത്രസമ്മേളനത്തിൽ പറഞ്ഞു.

ഗ്ലോപിക്സിൻറെ ഔദ്യോഗിക ലോഞ്ച് മേയിൽ കൊച്ചിയിൽ നടക്കും.

# പുതുവത്സരാഘോഷമൊരുക്കി സൗത്ത് ഇന്ത്യൻ ബാങ്കും കേരള കലാമണ്ഡലവും



**കൊച്ചി/ ചെറുതുരുത്തി:** കേരളത്തിന്റെ പാരമ്പര്യ ശാസ്ത്രീയ കലാരൂപങ്ങളുടെ ഈറ്റില്ലമായ കേരള കലാമണ്ഡലം 'കഥകളിലൂടെ കലാമണ്ഡലം; ഡിമിസ്റ്റിഫയിംഗ് ട്രെഡിഷൻസ്' എന്ന പേരിൽ സംഘടിപ്പിച്ച പുതുവത്സരാഘോഷം കാഴ്ചക്കാർക്ക് നവ്യാനുഭവമായി. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ 31ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ പുലർച്ചെ 1 മണിവരെ, ഭാരതപ്പുഴയോട് ചേർന്നുള്ള നിള ക്യാംപസിലാണ് സാംസ്കാരിക സന്ധ്യ ഒരുക്കിയത്. കലാമണ്ഡലത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് കലാതൽപരരായ പൊതുജനങ്ങളുടെ പിന്തുണ ലഭ്യമാക്കുകയാണ് കലാസന്ധ്യ നടത്തുന്നതിലൂടെ ലക്ഷ്യമിടുന്നത്.

സംഗീതജ്ഞരായ ദീപ പാലനാട്, സുദീപ് പാലനാട് എന്നിവർ കഥകളി മോജോയുമായി കാണികൾക്ക് മുന്നിലെത്തി. കഥകളിയുടെ ആഹാര്യ സൗന്ദര്യ രീതികളെ അധിഷ്ഠിതമാക്കി പ്രത്യേകം രൂപകൽപന ചെയ്ത ഭക്ഷണമാണ് കാണികൾക്ക് വിളമ്പിയത്. കൂടാതെ, കരകൗശല വസ്തുക്കൾ, ഫാഷൻ ഉൽപന്നങ്ങൾ എന്നിവയുടെ തത്സമയ നിർമാണവും പ്രദർശനവും നടന്നു. വിവിധ കലാരൂപങ്ങളിൽ പ്രാവീണ്യം നേടിയ കലാമണ്ഡലത്തിലെ പ്രഗത്ഭരും ക്ഷണിക്കപ്പെട്ട മറ്റ് പ്രശസ്ത കലാകാരന്മാരും നിള ക്യാംപസിൽ ഒരുക്കിയ കലാസന്ധ്യയുടെ ഭാഗമായി.

കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ബി. അനന്തകൃഷ്ണൻ, രജിസ്ട്രാർ ഡോ. പി. രാജേഷ് കുമാർ, സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിനിധികൾ, കലാമണ്ഡലം ക്യൂറേറ്റർ ലക്ഷ്മി മേനോൻ, പ്രോഗ്രാം കോർഡിനേറ്റർ കേശവൻ നാരായണൻ കലാമണ്ഡലം ഭരണസമിതി അംഗം കെ. രവീന്ദ്രനാഥ്, മുൻ വൈസ് ചാൻസലർ ഡോ. എം. വി. നാരായണൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ .എം. അഷറഫ്, അരുൺ നാരായണൻ എന്നിവർ പങ്കെടുത്തു.

# കൊല്ലത്ത് എക്സ്ക്ലുസീവ് സ്റ്റോർ തുറന്ന് പോപ്പീസ് ബേബി കെയർ

**കൊല്ലം:** മുൻനിര ബേബി കെയർ ഉൽപന്ന നിർമാതാക്കളായ പോപ്പീസ് ബേബി കെയർ പ്രൈവറ്റ് ലിമിറ്റഡ് കൊല്ലത്ത് പുതിയ എക്സ്ക്ലുസീവ് സ്റ്റോർ തുറന്നു. കൊല്ലംജില്ലയിൽ രണ്ടാമത്തെ സ്റ്റോർ തുറന്നതോടെ കേരളത്തിലെ പോപ്പീസ് സ്റ്റോറുകളുടെ എണ്ണം 83 ആയി. 2026 സാമ്പത്തിക വർഷം പുതുതായി 42 സ്റ്റോറുകൾ ദക്ഷിണേന്ത്യയിൽ വിവിധയിടങ്ങളിലായി തുറന്ന് ആകെ സ്റ്റോറുകളുടെ എണ്ണം 118ലെത്തിക്കാനാണ് പദ്ധതി.

തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലും രാജ്യത്തെ എല്ലാ മെട്രോ നഗരങ്ങളിലും സാന്നിധ്യം ശക്തിപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു കൊണ്ടിരിക്കുകയാണ് കമ്പനി. പോപ്പീസിനെ ദേശീയ തലത്തിൽ ഏറ്റവും വലിയ ബേബി, ചൈൽഡ് കെയർ ബ്രാൻഡാക്കി ഉയർത്തുകയാണ് ലക്ഷ്യം. ഇതിനു പുറമെ യുഎഇയിലും കമ്പനി പ്രവർത്തനം വിപുലീകരിക്കുന്നുണ്ട്. അബുദബിയിലെ ദൽമ മാളിലും ഷാർജയിലെ സഹാറ സെന്ററിലും രണ്ടു ഷോറൂമുകൾ തുറക്കാനുള്ള ഒരുക്കങ്ങളിലാണ് പോപ്പീസ്.വിതരണക്കാർ എന്നതിലുപരി പോപ്പീസിനെ ഒരു റീട്ടെയ്ലർ ആക്കി മാറ്റിയെടുക്കുകയാണ് ലക്ഷ്യം. രണ്ടു പതിറ്റാണ്ടായി വിജയകരമായി മുന്നോട്ടു പോകുന്ന ഞങ്ങൾ റീട്ടെയിൽ രംഗത്ത് അഞ്ചു വർഷവും വിജയകരമായി പൂർത്തിയാക്കി. നടപ്പു വർഷത്തിലും വരും വർഷങ്ങളിലും റീട്ടെയിൽ വരുമാനത്തിൽ നല്ല വളർച്ചയാണ് പ്രതീക്ഷിക്കുന്നത്, പോപ്പീസ് എംഡി ഷാജു തോമസ് പറഞ്ഞു.

# യുപിഐ ഇടപാടിൽ ഡിസംബറിൽ രാജ്യത്ത് സർവകാല റിക്കാർഡ്




**കൊല്ലം:** ഇടപാടുകളിൽ സർവകാല റിക്കാർഡിട്ട് യൂണിഫൈഡ് പേയ്മെൻറ് ഇൻറർഫേസ് (യുപിഐ). ഇക്കഴിഞ്ഞ ഡിസംബറിൽ 16.73 ബില്യൺ ഇടപാടുകൾ നടത്തിയാണ് റിക്കാർഡ് നേട്ടം കൈവരിച്ചത്. ഇടപാടുകളിൽ നവംബറിലേതിനേക്കാൾ എട്ട് ശതമാനം വർധനയാണുണ്ടായതെന്ന് നാഷണൽ പേയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) കണക്കുകൾ വ്യക്തമാക്കുന്നു.

രാജ്യത്ത് യുപിഐ പേയ്മെൻറ് സംവിധാനം നിലവിൽവന്നത് 2016 ഏപ്രിലിലാണ്. അതിനു ശേഷമുള്ള ഇടപാടുകളിൽ ഏറ്റവും വലിയ വർധനയാണ് ഇക്കഴിഞ്ഞ ഡിസംബറിൽ രേഖപ്പെടുത്തിയത്. നവംബറിൽ 21.55 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് യുപിഐയിലൂടെ നടന്നത്. ഡിസംബറിൽ 23.25 ലക്ഷം കോടി രൂപയുടെ ഇടപാടുകൾ നടന്നു.

ചെറിയ തുകകളുടെ ഇടപാടുകൾ കൂടുതൽ നടത്തിയാണ് ഈ നേട്ടം കൈവരിച്ചതെന്നത് ഏറെ ശ്രദ്ധേയമാണ്.യുപിഐയുടെ ഡിസംബറിലെ പ്രതിദിന ഇടപാടുകൾ നവംബറിലെ 51 കോടിയിൽനിന്ന് 54 കോടിയായി ഉയർന്നു.

പ്രതിദിന ഇടപാട് മൂല്യവും നവംബറിലെ 71,840 കോടി രൂപയിൽനിന്ന് 74,990 കോടി രൂപയായി. 2023 ഡിസംബറുമായി താരതമ്യപ്പെടുത്തുമ്പോൾ 39 ശതമാനം വളർച്ചയും ഇടപാട് മൂല്യത്തിൽ 28 ശതമാനം വർധനയും ഉണ്ടായി.

2023ൽ 118 ബില്യൺ ആയിരുന്നു ഇടപാടുകൾ. 2024ൽ 172 ബില്യൺ ഇടപാടുകൾ നടന്നു. 46 ശതമാനം വർധനയാണ് ഉണ്ടായിട്ടുള്ളത്. ഏകദേശം 247 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് കഴിഞ്ഞ വർഷം നടന്നത്. ഇടപാടുകളുടെ മൂല്യത്തിൽ 2023ലേക്കാൾ 35 ശതമാനം വർധനയുണ്ടായി.

ഡിസംബറിലെ കണക്കുകൾ വരുന്നതിനു മുമ്പ് കഴിഞ്ഞ ഒക്ടോബറിലായിരുന്നു ഏറ്റവും ഉയർന്ന ഇടപാടുകൾ നടന്നത്. 23.5 ലക്ഷം കോടി രൂപ മൂല്യമുള്ള 16.58 ബില്യൺ ഇടപാടുകളാണ് ഒക്ടോബറിൽ നടന്നത്. പുതുവർഷത്തിൽ ഇടപാടുകൾ ഇനിയും വർധിക്കുമെന്നാണ് പ്രതീക്ഷ.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ബോഡികെയർ ഐഎഫ്എഫ് ഫാഷൻ എക്സ്പോ ജനുവരി 7 മുതൽ

**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയറിന്റെ മൂന്നാം പതിപ്പായ 'ബോഡികെയർ ഐഎഫ്എഫ് ഫാഷൻഎക്സ്പോ2025' ജനുവരി 7 മുതൽ 9 വരെ അങ്കമാലിയിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻസെന്ററിൽ നടക്കും. ജനുവരി ഏഴിന് രാവിലെ 11 ന് മന്ത്രിമുഹമ്മദ് റിയാസ് എക്സ്പോ ഉദ്ഘാടനം ചെയ്യും.

എം.എൽ.എ റോജി എം.ജോണും ശീമാട്ടി ടെക്സ്റ്റൈൽസ് സി.ഇ.ഒ ബീന കണ്ണനും മുഖ്യാതിഥികളാകും. മുൻനിര ദേശീയ അന്തർദേശീയ ബ്രാൻഡുകളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന, 200ലേറെ എക്സിബിഷൻസ്റ്റാളുകളുള്ള എക്സ്പോയിൽ 5,000ലേറെ പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ബ്ലോസം, മോംസ്കെയർ, പർ സ്വാം,ബാങ്ക്ടെഷ് എന്നിവയുടെ സഹകരണത്തോടെയാണ് കേരളത്തിലെ ഏറ്റവും വലിയ ബി2ബി ഫാഷൻ ഇവന്റ് എന്നുവിശേഷിപ്പിക്കപ്പെടുന്ന ഈ എക്സ്പോ സംഘടിപ്പിക്കുന്നതെന്ന് ഇന്ത്യൻ ഫാഷൻ ഫെയറിന്റെ ചെയർമാൻ സാദിഖ് പി.പി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഒരു എക്സ്പോ എന്നതിലുപരി കേരളത്തിലെ ഫാഷൻ രംഗത്ത് സ്വാധീനം ചെലുത്തുന്ന ഒന്നാണ് ബോഡികെയർഐഎഫ്എഫ് ഫാഷൻ എക്സ്പോ 2025.

രാജ്യത്തുടനീളമുള്ള പ്രമുഖ ബ്രാൻഡുകളെയും ഇൻഫ്ലുവേഴ്സിനെയുംആകർഷിക്കുന്ന ഐ.എഫ്.എഫ് തുടർച്ചയായി അതിന്റെ നിലവാരം ഉയർത്തുകയാണെന്നും സാദിഖ് പി.പി പറഞ്ഞു.എക്സ്പോയുടെ ഭാഗമായി ജനുവരി 7ന് വൈകിട്ട് 4 മണിക്ക് വിവിധ ബ്രാൻഡുകൾ അണിനിരക്കുന്ന ഫാഷൻ ഷോഉണ്ടായിരിക്കും. പ്രശസ്ത ഫാഷൻ കൊറിയോഗ്രാഫർ ഷിബു ശിവയുടെ നേതൃത്വത്തിൽ 20 ഓളം ടീമുകൾ റാംപിനെഅന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും. ജനുവരി 8 ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ഐഎഫ്എഫ് അവാർഡ്നൈറ്റ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. സമാപന ദിവസമായ 9 ന് സാംസ്കാരികപരിപാടികളുണ്ടായിരിക്കും. സമീർ മൂപ്പൻ(കൺവീനർ), ഷാനിർ ജെ (വൈസ് ചെയർമാൻ), ഷാനവാസ് പി.വി (ജോയിന്റ് കൺവീനർ), ഷഫീഖ് പി.വി(പ്രോഗ്രാം ഡയറക്ടർ) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# കാസിയോ കൊച്ചിയിലെ രണ്ടാമത്തെ ഷോറൂം തുറന്നു

**കൊച്ചി:** ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാസിയോ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള കാസിയോ ഇന്ത്യ കൊച്ചിയിലെ തങ്ങളുടെ രണ്ടാമത്തെ എക്സ്ക്ലൂസീവ് ഷോറൂം തുറന്നു. ഇതോടെ കേരളത്തിലെ കാസിയോ ഷോറൂമുകളുടെ എണ്ണം ആറായി വർധിച്ചു. എറണാകുളം പദ്മ ജംഗ്ഷനിലാണ് 685 അടി വിസ്തൃതിയുള്ള ഷോറൂം സ്ഥിതി ചെയ്യുന്നത്. ജിഷോക്കിന്റെ ലിമിറ്റഡ് എഡിഷൻ ഡ്രോപ്പുകൾ, 5000, 5600, 6900, 110, 2100 സീരീസുകളിൽ നിന്നുള്ള ഐക്കണിക് ശൈലികൾ, ജിസ്റ്റീൽ ശ്രേണിയിൽ നിന്നുള്ള ഏറ്റവും പുതിയ ലോഞ്ചുകൾ, സ്ലീക്ക് എഡിഫൈസ് ക്രോണോഗ്രാഫുകൾ എന്നിവ സ്റ്റോറിൽ ലഭ്യമാവും.കേരളത്തിലെ ഞങ്ങളുടെ ആറാമത്തെ സ്റ്റോർ ഉദ്ഘാടനം കൊച്ചിയിൽ നടത്തുന്നതിൽ അഭിമാനമുണ്ടെന്ന് കാസിയോ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ മിസ്റ്റർ ഹിഡെകി ഇമായി പറഞ്ഞു. രാവിലെ 10 മുതൽ രാത്രി 9 വരെയാണ് സ്റ്റോറിന്റെ പ്രവർത്തന സമയം.

# കെഫോൺ ഗ്രാമീണ ഇന്റർനെറ്റ് ഫോട്ടോഗ്രഫി കോണ്ടസ്റ്റ് ജനുവരി 10 വരെ

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ ഇന്റർനെറ്റ് കൊണ്ടുവന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി കെഫോൺ സംഘടിപ്പിക്കുന്ന ഗ്രാമീണ ഇന്റർനെറ്റ് ഫോട്ടോഗ്രഫി കോണ്ടസ്റ്റ് ജനുവരി 10 വരെ നീട്ടി. മത്സരത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നത് പരിഗണിച്ചാണ് മത്സരം നീട്ടിയിരിക്കുന്നത്. മത്സരത്തിൽ പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാം.

എൻട്രികൾ അയക്കാനായി ഇന്റർനെറ്റ് ഗ്രാമപ്രദേശങ്ങളിലെ ജീവിതങ്ങളിൽ കൊണ്ടുവന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി ഗ്രാമീണ പശ്ചാത്തലത്തിൽ ഫോട്ടോസ് എടുത്ത് വാട്ടർമാർക്കോ മറ്റ് അടയാളങ്ങളോ ഇല്ലാതെ +91 9061604466 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക. തെരഞ്ഞെടുക്കുന്ന ഫോട്ടോകൾ കെഫോൺ ഫ്രെയിമോടു കൂടി വാട്സാപ്പിൽ തിരിച്ചയച്ചു നൽകും. അതിനുശേഷം കെഫോൺ ഒഫീഷ്യൽ ഫെയ്സ്ബുക്ക് അല്ലെങ്കിൽ ഇൻസ്റ്റഗ്രാം പേജ് ഫോളോ ചെയ്ത് പേജിലേക്ക് ടാഗ് ചെയ്ത് സോഷ്യൽ മീഡിയയിൽ പോസ്റ്റു ചെയ്യുകയും രണ്ട് പേരെ കമന്റ് ബോക്സിൽ ടാഗ് ചെയ്യുകയും വേണം. പോസ്റ്റിന് ലഭിക്കുന്ന ലൈക്സിന്റെയും റീച്ചിന്റെയും അടിസ്ഥാനത്തിലാണ് വിജയിയെ തീരുമാനിക്കുന്നത്. വിജയികളെ ജനുവരി 14ന് കെഫോൺ ഔദ്യോഗിക പേജായ www.facebook.com/kfonofficialൽ പ്രഖ്യാപിക്കും.

# മാക്സ് ലൈഫ് ഇൻഷ്വറൻസ് ഇനി ആക്സിസ് മാക്സ് ലൈഫ് ഇൻഷ്വറൻസ്

**കൊച്ചി:** മാക്സ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഇനി ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെടും. ഇതിനായുള്ള കോർപ്പറേറ്റ് റെഗുലേറ്ററി അംഗീകാരങ്ങൾ ലഭിച്ചതോടെയാണ് പുനർനാമകരണം. സാമ്പത്തിക സേവന മേഖലയിൽ രണ്ട് വിശ്വസനീയമായ പേരുകളുടെ സംയോജനം, മെട്രോകൾക്കും ടയർ 1 നഗരങ്ങൾക്കും അപ്പുറത്തുള്ള വിപുലീകരണത്തിലൂടെ ദീർഘകാല വളർച്ച കൈവരിക്കാൻ ഇത് കമ്പനിയെ പ്രാപ്തരാക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ക്രിക്കറ്റ് താരം രോഹിത്ത് ശർമ്മയെയും ഭാര്യ റിതിക സജ്ദയും ആക്സിസ് മാക്സ് ലൈഫ് ഇൻഷറൻസ് കമ്പനിയുടെ ബ്രാൻഡ് അംബാസഡമാരാകും. ഇരുവരും ഭാഗഭാക്കുന്ന ഡബിൾ ബറോസ എന്ന ക്യാംപയിനും കമ്പനി തുടക്കമിട്ടു.

